# The Prabuddha Keralam.

# പ്രബുദ്ധകേരളം.

---

വിവേകനിൎമ്മലാനന്ദ ജ്ഞാനവൈരാഗ്യസിദ്ധിദം
"പ്രബുദ്ധകേരളം" രാമകൃഷ്ണോരക്ഷതുസൎവ്വദാ.

---

വാല്യം ൧൦ } ൧൧൦൫ മിഥുനം { ലക്കം ൯.

## ശിവസ്തുതി.

---

ഓം നമഃശിവായ.

(ശ്രീമദ്വിവേകാനന്ദവിരചിതം)

നിഖില-ഭുവന-ജന്മ-സ്ഥേമ-ഭംഗ-പ്രരോഹാഃ
അകലിതമഹിമാനഃ കല്പിതാ യത്ര തസ്മിൻ
സുവിമല ഗഗനാഭേ ത്വീശ സംസ്ഥേ/ പ്യനീശേ
മമ ഭവതുഭവേ/സ്മിൻ ഭാസുരോ ഭാവബന്ധഃ

നിഹത നിഖില മോഹേ/ധീശതാ യത്രരൂഢാ
പ്രകടിത പരപ്രേമ്നാ യോ മഹാദേവസംജ്ഞഃ
അശിഥിലപരിരംഭഃ പ്രേമരൂപസ്യ യസ്യ
ഹൃദിപ്രണയതി വിശ്വം വ്യാജമാത്രം വിഭുത്വം.

അൎത്ഥം:—അവിജ്ഞേയങ്ങളായ വിഭൂതിമഹിമകളോടുകൂടിയ, സകല ജഗദുൽപത്തി സ്ഥിതിലയരൂപമായ, അങ്കുരങ്ങൾ യാതൊരുവനിൽ കല്പിക്കപ്പെട്ടിരിക്കുന്നുവോ, നിൎമ്മലാകാശസങ്കാശനും, സൎവ്വേശനും,

അന്യരാൽ ഈശിക്കപ്പെടാത്തവനും, അന്തൎയ്യാമിത്വേന സൎവ്വലോകപ്രസിദ്ധനുമായ ആ ഭവനിൽ എനിക്കു ഭാസുരമായ പ്രേമരൂപബന്ധം ഉളവാകട്ടെ.

അജ്ഞാനത്തെ നിഃശേഷം നശിപ്പിക്കുകകൊണ്ടു് അധീശത്വം യാതൊരുവനിൽ സ്ഥിരപ്രതിഷ്ഠമായിരിക്കുന്നു, പരപ്രേമം പ്രകാശിപ്പിക്കുകകൊണ്ടു് മഹാദേവൻ എന്നു യാതൊരുവൻ സംജ്ഞിതനായിരിക്കുന്നു, പ്രേമരൂപനായ ആ മഹാദേവന്റെ ദൃഢാശ്ലേഷം ഹൃദയത്തിലുണ്ടാകുമ്പോൾ വിശ്വൈശ്വൎയ്യം വ്യാജം മാത്രമായിത്തീരുന്നു. (തുടരും)

# ശ്രീരാമകൃഷ്ണദേവന്റെ തിരുവായ്മൊഴി.

രണ്ടാം ഭാഗം—ഇരുപത്തഞ്ചാം ഖണ്ഡം.

## അദ്ധ്യായം ൧

കന്നിമാസത്തെ കൃഷ്ണഷഷ്ഠി ദിവസം. ൧൮൮൫ അക്ടോബർ ൨൨-ാംനു- വ്യാഴാഴ്ച. മണി പത്തു്. ഭഗവാൻ രോഗപീഡയിലിരിക്കുന്നു. കൽക്കത്തായിലെ ശ്യാമപുകുരം എന്ന സ്ഥലത്തിലാണ്. ഡാക്ടർ അദ്ദേഹത്തെ ചികിത്സിക്കുന്നു. ഡാക്ടരുടെ ഗൃഹം: ശാംഖാരിടോലായിൽ. ഡാക്ടരുമായി ഇപ്പോൾ ഭഗവാന്റെ ഒരു സേവകഭക്തൻ വൎത്തമാനം പറയുന്നു. ഭഗവാൻ അന്നന്ന് ഏതേതുനിലയിലിരിക്കുന്നു എന്ന വിവരം ദിവസവും അദ്ദേഹത്തെ അറിയിച്ചു വിളിച്ചുകൊണ്ടുവരും.

ഡാക്ടർ:—നോക്കുക. വിഹാരീഭാദുരി ഒരു കഥ പറഞ്ഞു. Goethe's spirit (ഗഥേയുടെ സൂക്ഷ്മശരീരം) വെളിയിൽപ്പോയി, Goethe അതിനെ തന്നെ കണ്ടുവത്രേ. എന്തത്ഭുതമാണ്?

മാസ്റ്റർ:—പരമഹംസദേവൻ പറയുന്നതു നമുക്കു് ഈ വൎത്തമാനങ്ങളൊക്കെക്കൊണ്ടു് എന്തു പ്രയോജനമെന്നാണ്. നാം ഭൂമിയിൽ വന്നിരിക്കുന്നു, ഈശ്വരന്റെ പാദപത്മത്തിൽ ഏതുവിധവും ഭക്തിയുണ്ടാകണം. അദ്ദേഹം പറയാറുണ്ടു്:—ഒരാൾ ഒരു മാന്തോപ്പിൽ മാങ്ങതിന്നാൻ പോയിരുന്നുവത്രേ. അയാൾ ഒരു കടലാസും പെൻസിലും എടുത്തു മരമിത്ര, കൊമ്പിത്ര, ഇലയിത്ര, എന്നിങ്ങനെ എണ്ണിക്കുറിച്ചുതുടങ്ങി. തോപ്പിലെ ഒരാൾ അയാളെക്കണ്ടു് നിങ്ങളെന്താണ് ചെയ്യുന്നതെന്നും, എന്നാൽ അവിടെ വന്നതെന്തിനാണെന്നും ചോദിച്ചു. അതിനയാൾ മറുപടി പറഞ്ഞു—"മരവും കൊമ്പും ഇലയും ഒക്കെ കണക്കുകുറിക്കയാണ്, വന്നതു മാങ്ങാതിന്നാനായിരുന്നു." അതിനു തോട്ടക്കാരൻ പറഞ്ഞു—"നിങ്ങൾ

മാങ്ങ തിന്നാൻ വന്നുവെങ്കിൽ തിന്നുംവെച്ചു പോകുക, കൊമ്പുമിലയും ഇത്ര കണക്കെട്ടുക്കുന്നതെന്തിന്?"

ഡാക്ടർ:—പരമഹംസദേവൻ സാരം കൈക്കലാക്കീട്ടുണ്ടെന്നു തോന്നുന്നു.

അനന്തരം ഡാക്ടർ തന്റെ ഹോമിയോപ്പതി ആസ്പത്രിയെപ്പററി പല വർത്തമാനവും പറഞ്ഞുതുടങ്ങി. എത്ര രോഗികൾ ദിവസംപ്രതി വരുന്നു എന്നതിന്റെ കണക്കു കാണിച്ചു. ഡാക്ടർ സാൽസരും മററ പലരും, തന്നെ ആദ്യമൊക്കെ വളരെ നിരാശപ്പെടുത്തിയെന്നും, പത്രങ്ങളിൽ തനിക്കു വിപരീതമായി ലേഖനങ്ങൾ എഴുതിയെന്നും മററും പറഞ്ഞു.

ഡാക്ടർ വണ്ടിയിൽക്കയറി. മാസ്റ്ററും കൂടെ കയറി. ഡാക്ടർ പല രോഗികളെയും പരിശോധിച്ചു ചുററി സഞ്ചരിച്ചു. ആദ്യമേ ചോർബാഗാൻ, പിന്നീട് മാഥാഘസാർ, അനന്തരം പാഥുരിയാഘാട്ട് എന്നീ സ്ഥലങ്ങളിൽ പോയി. എല്ലാ രോഗികളേയും കണ്ടശേഷം ഭഗവാൻ ശ്രീരാമകൃഷ്ണദേവനെ കാണുവാൻ പോകും. ഡാക്ടർ പാഥുരിഘാടിലെ ടാഗ്രർമാരുടെ ഒരു ഗൃഹത്തിൽക്കയറി. അവിടെ അല്പം താമസം നേരിട്ടു. വണ്ടിയിൽ തിരിയെ വന്ന് വീണ്ടും വത്തമാനം ആരംഭിച്ചു.

ഡാക്ടർ:—ഈ ഗൃഹത്തിലെ ബാബുവുമായി പരമഹംസദേവനെപ്പററി വർത്തമാനമുണ്ടായി. തിയാസഫിയെപ്പററിയും കണ്ണൽ ആൽക്കട്ടിനെപ്പററിയും പറകയുണ്ടായി. പരമഹംസദേവൻ ഈ ബാബുവിനോടു ദേഷ്യപ്പെട്ടുവത്രേ. എന്തിനാണെന്നോ? ഇയാൾ പറഞ്ഞു, തനിക്കു സകലതും അറിയാമെന്ന്.

മാസ്റ്റർ:—ഇല്ല. എന്തിനു ദേഷ്യപ്പെടുന്നു? ഒരിക്കൽ കാണുകയുണ്ടായെന്നു കേട്ടിട്ടുണ്ട്. പരമഹംസദേവൻ ഈശ്വരകഥയെപ്പററി പറഞ്ഞു, അപ്പോൾ അയാൾ "ഉവ്വ് അതൊക്കെ എനിക്കുമറിയാം" എന്നു പറഞ്ഞതു വാസ്തവമാണ്.

ഡാക്ടർ:—ഈ ബാബു Science Association-നു ൩൨,൦൦൦ രൂപ സംഭാവനചെയ്തിട്ടുണ്ട്.

വണ്ടി പോയിത്തുടങ്ങി. ബഡ്ബസാറിൽക്കൂടി തിരിയുന്നു. ഡാക്ടർ ഭഗവാന്റെ ശുശ്രൂഷയെസംബന്ധിച്ചു പറയുന്നു.

ഡാക്ടർ:—നിങ്ങൾക്കു ഇദ്ദേഹത്തെ ദക്ഷിണേശ്വരത്തേയ്ക്കയക്കണമെന്നു ഇച്ഛയുണ്ടോ?

മാസ്റ്റർ:—ഇല്ല. അങ്ങനെയായാൽ ഭക്തന്മാൎക്കു വലിയ അസൌകൎയ്യമുണ്ട്. കല്ക്കട്ടായിലിരുന്നാൽ എപ്പോഴും പോയിവരാം, ഭഗവാനെ കാണാം.

ഡാക്ടർ:—ഇതുകൊണ്ടു വലിയ ചെലവല്ലേ?

മാസ്റ്റർ:—ഭക്തന്മാക്ക് ഇതു വലിയ ബുദ്ധിമുട്ടല്ല. അവക്ക് എങ്ങനെയായാൽ വന്നു ശുശ്രൂഷിക്കാം എന്നേ വിചാരമുള്ളൂ. ചെലവു ഇവിടെയുമുണ്ട് അവിടെയുമുണ്ട്. അവിടെച്ചെന്നാൽ എപ്പോഴും അവക്കു കാണാൻ സാധ്യമാകയില്ലല്ലോ എന്ന വിചാരമാണ്.

## അദ്ധ്യായം ൨.

ഡാക്ടരും മാസ്റ്ററും ശ്യാമപൂകുരത്തിൽ ഒരു ഇരട്ടനിലക്കെട്ടിടത്തിൽ കയറി. ആ ഭവനത്തിന്റെ മേലത്തെ വെളിവരാന്തയിൽ രണ്ടു മുറിയുണ്ട്. ഒന്ന് കിഴക്കുപടിഞ്ഞാറും, മററതു തെക്കുവടക്കും ആണ്. ഒന്നാമത്തെ മുറിയിൽച്ചെന്നു നോക്കിയപ്പോൾ ഭഗവാൻ ശ്രീരാമകൃഷ്ണദേവൻ ഇരിക്കുന്നു. ഭഗവാൻ സഹാസ്യവദനൻ. അടുത്തു് ഡാക്ടർ ഭാദുരിയും മററു ഭക്തന്മാരുമുണ്ട്.

ഡാക്ടർ കൈ നോക്കി, രോഗത്തിനെപ്പററിയുള്ള സകല കഥയും മനസ്സിലാക്കി. ക്രമേണ ഈശ്വരസംബന്ധമായ സംഭാഷണങ്ങൾ ആരംഭിച്ചു.

ഭാദുരി:—കാൎയ്യമെന്തെന്നറിയാമോ? സകലതും സ്വപ്നംപോലെ.

ഡാക്ടർ:—എല്ലാം Delusion (ഭ്രമം) ആയാൽ ആരുടെ Delusion, എന്തിന്റെ Delusion? ഈ വർത്തമാനങ്ങളൊക്കെത്തന്നെ പറയുന്നതെന്തിനാണ്, Delusion എന്നറിഞ്ഞുംകൊണ്ട്. I cannot believe that God is real and Creation is unreal ഈശ്വരൻ സത്യമെന്നും അദ്ദേഹത്തിന്റെ സൃഷ്ടി മിഥ്യയെന്നും എനിക്കു വിശ്വസിക്കാൻ സാധിക്കുന്നില്ല.

ശ്രീരാമകൃഷ്ണദേവൻ:—നീ പ്രഭു, ഞാൻ ദാസൻ എന്ന ഭാവം വളരെ നല്ലതാണ്. ദേഹം സത്യമെന്നു വിചാരിക്കുന്നെടത്തോളം "ഞാൻ, നീ" യെന്ന ഭാവവും ഉണ്ട്, അതുവരെ സേവ്യസേവകഭാവമാണ് നല്ലതു്; ഞാൻ അതാകുന്നു—എന്ന ബുദ്ധി നന്നല്ല.

എന്തെന്നറിയാമോ? ഒരു ഭാഗത്തുനിന്നും ഗൃഹത്തെ നോക്കുന്നു. വീട്ടിനുള്ളിൽ നിന്നുകൊണ്ടും ഗൃഹത്തെ നോക്കുന്നു. മുൻപു നോക്കിയതു തന്നെയാണ് പിന്നെ നോക്കിയതും.

ഭാദുരി:—(ഡാക്ടരോട്) ഞാൻ പറഞ്ഞതു് വേദാന്തത്തിലുണ്ട്. ശാസ്ത്രവും മററും വായിക്കുക. കാണാം.

ഡാക്ടർ:—എന്തിന്? ഇദ്ദേഹം ശാസ്ത്രമോ മററോ നോക്കിയാണോ വിദ്വാനായതു്? ഇദ്ദേഹവും അതൊക്കെ പറയുന്നല്ലോ. ശാസ്ത്രം പഠിച്ചില്ലെങ്കിൽ വരികയില്ലേ?

ശ്രീരാമകൃഷ്ണദേവൻ:—ഞാൻ എത്ര കേട്ടിട്ടുണ്ടെന്നറിഞ്ഞോ?

ഡാക്ടർ:—വെറും കേൾവിയായാൽ എത്രയൊക്കെ തെററുവരും? അങ്ങയുടെതു വെറും കേൾവികൊണ്ടുള്ള ജ്ഞാനമല്ല. വീണ്ടും മററു സംഭാഷണങ്ങളിലായി.

ശ്രീരാമകൃഷ്ണദേവൻ:—(ഡാക്ടരോട്) നിങ്ങൾ പറഞ്ഞില്ലേ ഇദ്ദേഹം (ഞാൻ) ഭ്രാന്തനാണെന്ന്. അതുകൊണ്ട് ഇവർ (മാസ്റ്റർ മുതലായവരെ ചൂണ്ടിക്കാണിച്ചുകൊണ്ട്) നിങ്ങളുടെ അടുക്കൽ വരാൻ മടിച്ചു.

ഡാക്ടർ:—(മാസ്റ്ററെ നോക്കിയിട്ട്) എന്ത്? അങ്ങനെ പറഞ്ഞോ? (ഭഗവാനോട്) എന്നാൽ, അഹങ്കാരമെന്നു ഞാൻ പറഞ്ഞിട്ടുണ്ട്. അങ്ങ് ആളുകളെക്കൊണ്ടു പാദധൂളി ഗ്രഹിപ്പിക്കുന്നതെന്തിന്?

മാസ്റ്റർ:—അല്ലെങ്കിൽ ജനങ്ങൾ വ്യസനിക്കുന്നു.

ഡാക്ടർ:—അവരുടെ തെററാണ്, പറഞ്ഞു മനസ്സിലാക്കണം.

മാസ്റ്റർ:—എന്ത്? സൎവ്വഭൂതങ്ങളിലും നാരായണനില്ലേ?

ഡാക്ടർ:—അതിനെ ഞാൻ എതിൎക്കുന്നില്ല. എല്ലാവരേയും അങ്ങനെ ചെയ്യുകൊള്ളട്ടെ.

മാസ്റ്റർ:—ചില മനുഷ്യരിൽ കൂടുതലായി പ്രകാശിക്കുന്നു. ജലം എല്ലാഇടത്തിലും ഉണ്ട്, എന്നാൽ കുളം നദി സമുദ്രം ഇവയിൽ കൂടുതൽ പ്രകാശിക്കുന്നു. അങ്ങ് മൈക്കേൽ ഫാരഡേയെ എത്ര മാനിക്കുന്നുവോ അതുപോലെ പുതിയ Bachelor of Science-നെ മാനിക്കുന്നുവോ?

ഡാക്ടർ;—അതു ഞാൻ സമ്മതിക്കുന്നു. എന്നാൽ God എന്നു പറയുന്നതെന്തിന്?

മാസ്റ്റർ:—നാം പരസ്പരം നമസ്കരിക്കുന്നതെന്തുകൊണ്ട്? എല്ലാവരുടെ ഹൃദയത്തിലും നാരായണനുണ്ട്. അങ്ങു ആ വിഷയങ്ങളെപ്പററി യൊന്നും നല്ലപോലെ ചിന്തിച്ചിട്ടില്ല, നോക്കീട്ടില്ല.

ശ്രീരാമകൃഷ്ണദേവൻ:—(ഡാക്ടരോട്) ചില വസ്തുക്കളിൽ കൂടുതലായി പ്രകാശിക്കുന്നു. സൂൎയ്യൻെറ രശ്മി മണ്ണിൽ ഒരു വിധം വീഴുന്നു, മരത്തിൽ ഒരു വിധം വീഴുന്നു, കണ്ണാടിയിൽ ഒരു വിധം വീഴുന്നു. കണ്ണാടിയിൽ കൂടുതലായി പ്രകാശിക്കുന്നു.

ഇതു കാണുന്നില്ലേ? പ്രഹ്ലാദാദികളും ഇവരും ഒന്നുപോലാണോ? പ്രഹ്ലാദൻെറ മനസ്സും പ്രാണനും എല്ലാം അദ്ദേഹത്തിൽ സമൎപ്പിച്ചിരുന്നു.

ഡാക്ടർ മിണ്ടാതിരുന്നു. എല്ലാവരും മിണ്ടാതിരിക്കുന്നു.

ശ്രീരാമകൃഷ്ണദേവൻ:—(ഡാക്ടരോട്) നോക്കുക. നിങ്ങൾക്ക് ഇവിടെ വരുവാൻ ആകൎഷണമുണ്ടല്ലോ! നിങ്ങൾ പറഞ്ഞില്ലേ, അങ്ങയെ സ്നേഹിക്കുന്നുവെന്ന്.

ഡാക്ടർ:—അങ്ങ് Child of Nature ആണ്. അതുകൊണ്ട് ഞാൻ ഇങ്ങനെ പറയുന്നു. ജനങ്ങൾ കാലിൽ കൈതൊട്ട് നമസ്കരിക്കുന്നതുകണ്ട് എനിക്കു കഷ്ടം തോന്നുന്നു. ഈ വിധം നല്ലയാളുകളെ ചീത്തയാക്കുന്നല്ലോ എന്നു തോന്നുന്നു. കേശവസേനനെ അദ്ദേഹത്തിൻെറ ശിഷ്യന്മാർ ഇങ്ങനെ ചെയ്യിരുന്നു. അങ്ങയുടെ അടുക്കൽനിന്നു പഠിച്ചതാണെന്നു കേട്ടു.

ശ്രീരാമകൃഷ്ണദേവൻ:—നിന്റെ അഭിപ്രായം ഞാനെന്തിനറിയുന്നു? നീ ലോഭിയാണ്, കാമിയാണ്, അഹങ്കാരിയാണ്.

ഭാദുരി:—(ഡാക്ടരോട്) നിങ്ങൾക്കു ജീവത്വമുണ്ട് എന്ന് അർത്ഥം. ജീവിയുടെ ധർമ്മങ്ങളാണവ, പണത്തിലും കാശിലും പേരിലും പെരുമയിലും ഉള്ള ലോഭം; കാമം, അഹങ്കാരം, ഈ ധർമ്മങ്ങളെല്ലാം ജീവികൾക്കാണല്ലോ.

ഡാക്ടർ:—അതൊക്കെ പോട്ടെ! ഞാൻ അങ്ങയുടെ രോഗം നോക്കാനാണു വന്നത്. നോക്കിയേച്ചു പോകാം. മററു വർത്തമാനങ്ങൾക്കു കാര്യമില്ല. തർക്കിക്കാൻ വന്നാൽ ഞാൻ തുറന്നുതന്നെ പറയും.

എല്ലാവരും മിണ്ടാതിരുന്നു.

അല്പം കഴിഞ്ഞ് ഭഗവാൻ ഭാദുരിയോടു വർത്തമാനം പറയുന്നു.

ശ്രീരാമകൃഷ്ണദേവൻ:—എന്താണെന്നറിയാമോ? ഈയാൾ (ഡാക്ടർ) ഇപ്പോൾ നേതി നേതിയെന്ന് അനുലോമത്തിൽ പോകയാണ്. ഈശ്വരൻ ജീവനല്ല, ജഗത്തല്ല, സൃഷ്ടിക്കപ്പുറമാണദ്ദേഹം, ഈ വിധമൊക്കെ ഈയാൾ ചിന്തിക്കുന്നു. വിലോമത്തിൽ വന്നാൽ എല്ലാം മാനിക്കും. വാഴയുടെ പോള പറിച്ചുപറിച്ച് ഒടുക്കം പിണ്ടിയിലെത്തും.

പോളയൊരു പ്രത്യേക സാധനം, പിണ്ടിയൊരു പ്രത്യേകസാധനം. പിണ്ടി പോളയല്ല, പോള പിണ്ടിയുമല്ല. എന്നാൽ ഒടുവിൽ, പോളയുടെ തന്നെയാണ് പിണ്ടിയെന്നും, പിണ്ടിയുടെതന്നെയാണ് പോളയെന്നും മനസ്സിലാകും. അദ്ദേഹം ചതുർവിംശതതത്വമായിരിക്കുന്നു, അദ്ദേഹംതന്നെ മനുഷ്യനായിരിക്കുന്നു. (ഡാക്ടരോട്) ഭക്തൻ മൂന്നുമാതിരി. അധമഭക്തൻ, മദ്ധ്യമഭക്തൻ, ഉത്തമഭക്തൻ എന്ന്. അധമഭക്തൻ ഈശ്വരൻ ഇന്നവിധമെന്നു പറയുന്നു. അവൻ സൃഷ്ടി വേറെ, ഈശ്വരൻ വേറെ എന്നാണ് പറയുന്നത്. മദ്ധ്യമഭക്തൻ പറയുന്നു ഈശ്വരൻ അന്തര്യാമിയാണെന്ന്; അദ്ദേഹം ഹൃദയത്തിലാണെന്നു അക്കൂട്ടർ പറയുന്നു, അവർ ഹൃദയമദ്ധ്യത്തിൽ ഈശ്വരനെ കാണുന്നു. ഉത്തമഭക്തൻ അദ്ദേഹമാണ് ഇതൊക്കെയായിരിക്കുന്നതെന്നു കാണുന്നു, അദ്ദേഹമാണ് ഇരുപത്തിനാലു തത്വവുമായിരിക്കുന്നുവെന്നു കാണുന്നു. അക്കൂട്ടർ ഈശ്വരൻ അധോഭാഗത്തും ഊർദ്ധ്വഭാഗത്തും സർവ്വത്ര പരിപൂർണ്ണനെന്നു കാണുന്നു.

"നിങ്ങൾ ഗീത, ഭാഗവതം, വേദാന്തം, ഇവയൊക്കെ പഠിക്കുക. അപ്പോൾ ഇതെല്ലാം മനസ്സിലാകും".

ശ്രീരാമകൃഷ്ണദേവൻ:—ഈശ്വരൻ സൃഷ്ടിമദ്ധ്യത്തിൽ ഇല്ലേ?

ഡാക്ടർ:—അല്ല. എല്ലാടവും ഇരിക്കുന്നു; എല്ലാടവും ഉണ്ടെന്നിരിക്കകൊണ്ട് അന്വേഷിക്കേണ്ടതില്ല.

അല്പനേരം കഴിഞ്ഞ് മററു സംഭാഷണങ്ങളായി. ഭഗവാൻ ശ്രീരാമ

കൃഷ്ണദേവന് ഈശ്വരഭാവാവേശം സദാ ഉണ്ടാകാറുണ്ട്. അതുകൊണ്ട് രോഗം വദ്ധിക്കാൻ ഇടയായേക്കാം.

ഡാക്റ്റർ:—(ശ്രീരാമകൃഷ്ണദേവനോട്) ഭാവത്തെ നിയമനം ചെയ്യണം. എനിക്കും വലിയ ഭാവാവേശം വരും. അങ്ങയെക്കാൾ ചാടാനറിയാം.

കൊച്ചുനരൻ:—(ചിരിച്ചുംകൊണ്ട്) ഭാവം അല്പമൊന്നു വദ്ധിച്ചുപോയാൽ എന്തു ചെയ്യട്ടെ.

ഡാക്റ്റർ: – Controlling power (മനശ്ശക്തി) വദ്ധിപ്പിക്കണം.

ശ്രീരാമകൃഷ്ണദേവനും മാസ്റ്ററും;—അതു നിങ്ങൾ പറയുന്നു.

മാസ്റ്റർ:—ഭാവം വന്നാൽ എന്തു ചെയ്യണമെന്നു നിങ്ങൾക്കു പറയാമോ?

അല്പം കഴിഞ്ഞു പണത്തിൻെറ വത്തമാനം വന്നു.

ശ്രീരാമകൃഷ്ണദേവൻ:—(ഡാക്റ്ററോട്) എനിക്കതിലിച്ഛയേ ഇല്ല. അതറിഞ്ഞുകൂടേ? കാട്ടായമല്ല.

ഡാക്റ്റർ:—എനിക്കുപോലും അതിലിച്ഛയില്ല. പിന്നെയാണോ അങ്ങയ്ക്കു്. എൻെറ കൈപ്പെട്ടി തുറന്ന്, പണം ചിതറിക്കിടക്കയാണ്.

ശ്രീരാമകൃഷ്ണദേവൻ:—യദുമല്ലികനും ഇപ്രകാരം അന്യമനസ്സനാണ്. ഉണ്ണാനിരിക്കുമ്പോൾ, ഏതു കൂട്ടാനായാലും ശരി, നല്ലതായാലും ചീത്തയായാലും ഭക്ഷിക്കും. വല്ലവരും "ആ കൂട്ടാൻ കഴിക്കേണ്ട. ചീത്തയായിപ്പോയി" എന്നു പറഞ്ഞാൽ,

"ഓ! ഇതു ചീത്തയാണോ? അതെ! അങ്ങനെതന്നെ" എന്നു പറയും.

ഭഗവാൻ, ഇതുമൂലം, ഈശ്വരചിന്തകൊണ്ടുള്ള അന്യമനസ്സതയും, വിഷയചിന്തകൊണ്ടുള്ള അന്യമനസ്സതയും രണ്ടും രണ്ടാണെന്നു ധ്വനിപ്പിക്കുന്നുവോ?

പിന്നെയും, ഭക്തന്മാരിൽ ദൃഷ്ടിപതിപ്പിച്ചിട്ട് ശ്രീരാമകൃഷ്ണദേവൻ ഡാക്റ്ററെ ചൂണ്ടിക്കാണിച്ചുകൊണ്ട് ചിരിച്ചുകൊണ്ടു പറയുന്നു. "നോക്കുക. വേവിച്ചാൽ സാധനം മൃദുവായിത്തീരും. ഇയാൾ (ഡാക്റ്റർ) കുറെ കഠിനനായിരുന്നു. ഇപ്പോൾ അകം കുറെ മൃദുവായിട്ടുണ്ട്".

ഡാക്ടർ:—വേവിക്കുമ്പോൾ പുറത്തുനിന്നുമാണല്ലോ മൃദുവായിവരുന്നതു് എന്നാൽ എൻെറ ഇവിടത്തെ യാത്രകൊണ്ട് അങ്ങനെയല്ലല്ലൊ ഉണ്ടായതു്. (എല്ലാവരും ചിരിക്കുന്നു)

ഡാക്ടർ യാത്രപറവാൻ പോകുന്നു. പിന്നെയും ഭഗവാനുമായി സംഭാഷണം നടക്കുന്നു.

ഡാക്ടർ:—ആളുകൾ പാദധൂളി ഗ്രഹിക്കുന്നതിനെ തടയരുതോ?

ശ്രീരാമകൃഷ്ണദേവൻ:—എല്ലാവക്കും അഖണ്ഡസച്ചിദാനന്ദത്തെ അറിയാൻ കഴിയുമോ?

ഡാക്റ്റർ:—എന്നുവിചാരിച്ച് യഥാത്ഥതത്വം പറഞ്ഞുകൊടുക്കരുതോ?

ശ്രീരാമകൃഷ്ണദേവൻ:—രുചിഭേദവും അധികാരിഭേദവും ഉണ്ട്.

ഡാക്ടർ:—അതെന്തൊന്ന്?

ശ്രീരാമകൃഷ്ണദേവൻ:—രുചിഭേദം എങ്ങനെആണെന്നറിയാമോ? ചിലർ മത്സ്യത്തെ വേവിച്ച് ഭക്ഷിക്കുന്നു, ചിലർ വറുത്ത് ഭക്ഷിക്കുന്നു, ചിലർ പലഹാരങ്ങളിൽചേർത്ത് പാകംചെയ്ത് ഭക്ഷിക്കുന്നു. ഇനി അധികാരിഭേദത്തെപ്പററി പറയാം. അമ്പെയ്യാൻ പഠിക്കുന്നവർ ആദ്യം വാഴയിൽ എയ്ത് ശീലിക്കണം. പിന്നീട് കമ്പിയിൽ എയ്ത് പഠിക്കണം. അതിൽ പിന്നീട് പറക്കുന്ന പക്ഷിയിൽ എയ്യണം.

സന്ധ്യയായി. ഭഗവാൻ ഈശ്വരചിന്തയിൽ നിമഗ്നനായിരിക്കുന്നു. സുഖക്കേട് കലശൽ. എങ്കിലും അത് ഒരു ഭാഗത്ത് കിടക്കുന്നു. മൂന്ന് നാല് അന്തരംഗഭക്തന്മാർ അടുത്തിരുന്ന് ഒരേ നോട്ടമായി നോക്കിക്കൊണ്ടിരിക്കുന്നു. ഭഗവാൻ വളരെ നേരം ഈ അവസ്ഥയിൽ ഇരുന്നു.

ഭഗവാൻ പ്രകൃതിസ്ഥനായിരിക്കുന്നു. മണി അടുക്കൽ ഇരിക്കുന്നുണ്ട്. അയാളോട് ഏകാന്തത്തിൽ പറയുന്നു:—"നോക്കുക. അഖണ്ഡത്തിൽ മനസ്സ് ലീനമായിരുന്നു. അനന്തരം കണ്ടതിനെപ്പററി ഒന്നും പറയാനില്ല. ഡാക്ടരെ കണ്ടു. അയാൾക്ക് കിട്ടും, കുറേനാൾ കഴിയണം. അതുകൊണ്ട് അയാളോട് വളരെ കൂടുതൽ ഒന്നും പറയേണ്ട. പിന്നെയും ഒരാളെ കണ്ടു. അയാളെയും ആകർഷിക്കണമെന്ന് മനസ്സിൽ തോന്നി. അതിനെപ്പററി പിന്നീട് നിന്നോട് പറയാം."

ശ്യാമവസു, ദോകടീഡാക്ടർ, പിന്നെ ഒന്നുരണ്ടുപേർ കൂടി വന്നിരിക്കുന്നു. ഇപ്പോൾ അവരുമായി സംഭാഷണം നടക്കുകയാണ്.

ശ്യാമവസു:—അന്നു പറഞ്ഞത് ഹാ! എത്ര മനോഹരമായിരുന്നു.

ശ്രീരാമകൃഷ്ണദേവൻ:—(ചിരിച്ചുകൊണ്ട്)—ഏതു സംഗതി.

ശ്യാമവസു:—അന്നു പറഞ്ഞില്ലേ ജ്ഞാനത്തിനും അജ്ഞാനത്തിനും അപ്പുറം ചെന്നാൽ എന്താകുമെന്ന്.

ശ്രീരാമകൃഷ്ണദേവൻ (ചിരിച്ചുംകൊണ്ട്)—വിജ്ഞാനം, നാനാത്വബോധത്തിനു പേര് അജ്ഞാനം. സർവ്വഭൂതങ്ങളിലും ഈശ്വരൻ ഉണ്ടെന്നുള്ള അറിവ് ജ്ഞാനം. വിശേഷഭാവേന അറിയുന്നതിന് പേര് വിജ്ഞാനം; ഈശ്വരനുമായി സംഭാഷണംചെയ്കയും അദ്ദേഹത്തെ ബന്ധുവായി അറിയുകയും ചെയ്യുന്നതിന് പേർ വിജ്ഞാനം. വിറകിൽ തീയുണ്ട്; അതായത് അഗ്നിതത്വം ഉണ്ട്, ഈ അറിവിന് പേര് ജ്ഞാനം. ആ വിറക് കത്തിച്ച് പാകംചെയ്ത് ഭക്ഷിക്കുകയും ഭക്ഷിച്ച് ആനന്ദിക്കുകയും ചെയ്യുന്നത് വിജ്ഞാനം.

ശ്യാമവസു:—(ചിരിച്ചുംകൊണ്ട്) ആ മുള്ളിന്റെ കഥ!

ശ്രീരാമകൃഷ്ണദേവൻ:—(ചിരിച്ചുംകൊണ്ട്) ഉവ്വ്. കാലിൽ മുള്ളുതറച്ചാൽ മറെറാരു മുള്ളുകൊണ്ടുവരണം. അനന്തരം അതുകൊണ്ട് കാലിലെ മുള്ളെടുത്തിട്ട് രണ്ടു മുള്ളും ദൂരെ കളയണം. അതുപോലെ അജ്ഞാനമുള്ളെടുക്കുന്നതിന് ജ്ഞാനമുള്ള് കൊണ്ടുവരണം. അജ്ഞാനം നശിച്ചശേഷം ജ്ഞാനവും അജ്ഞാനവും രണ്ടും ദൂരെക്കളയണം. അപ്പോൾ വിജ്ഞാനമായി.

ഭഗവാൻ ശ്യാമവസുവിനോട് സന്തുഷ്ടനായിരിക്കുന്നു. ശ്യാമവസുവിന് വയസ്സായി. ഇപ്പോൾ കുറേക്കാലം ഈശ്വരചിന്തചെയ്യണമെന്നാണ് ആഗ്രഹം. പരമഹംസദേവന്റെ കഥകേട്ട് ഇവിടെ വന്നിരിക്കുന്നു. ഇതിനുമുൻപും ഒരിക്കൽ വന്നിരുന്നു.

ശ്രീരാമകൃഷ്ണദേവൻ:—(ശ്യാമവസുവിനോട്) കാമിനീകാഞ്ചനങ്ങളെപ്പററിയുള്ള വിഷയകഥകൾ പൂർണ്ണമായി ത്യജിക്കണം. ഈശ്വരകഥയല്ലാതെ മറെറാന്നും പറയരുത്. വൈഷയികന്മാർ കണ്ടാൽ പതുക്കെപ്പതുക്കെ അകന്നു പൊയ്ക്കൊള്ളും. ഇത്രനാൾ സംസാരത്തിൽ ഇരുന്ന് കഴിച്ചില്ലേ. എല്ലാം ചെപ്പടിവിദ്യയായിരുന്നു. ഈശ്വരൻതന്നെയാണ് വാസ്തവം. മറെറല്ലാം—അവാസ്തവം—ഈശ്വരൻതന്നെയാണ് സത്യം. മററുള്ളതൊക്കെ രണ്ടുനാലു ദിവസത്തേയ്ക്കു്. സംസാരത്തിൽ എന്താണുള്ളത്? അമ്പഴങ്ങാപോലെ തിന്നാൻ ആഗ്രഹമുണ്ട്. എന്നാൽ അമ്പഴങ്ങായിലെന്തിരിക്കുന്നു? അണ്ടിയും തൊലിയും മാത്രം. തിന്നാൽ ശൂലവ്യാധി പിടിക്കും.

ശ്യാമവസു:—ഉവ്വ്. പറഞ്ഞതൊക്കെ വാസ്തവം.

ശ്രീരാമകൃഷ്ണദേവൻ:—വളരെക്കാലമായി അനേകം വിഷയകർമ്മങ്ങൾ ചെയ്തിരിക്കുന്നു, ഇപ്പോൾ ഈ കുഴപ്പത്തിലിരുന്നുകൊണ്ട് ധ്യാനവും ഈശ്വരചിന്തയും പററുകയില്ല. അതുകൊണ്ട് ഗൃഹത്തിൽനിന്നും കുറെ ദൂരെ മാറി, ധ്യാനത്തിനു ഒരു സ്ഥലം ഉണ്ടാക്കണം.

ശ്യാമവസു അല്പനേരം മൗനമായിരുന്നു. എന്തോ ചിന്തിക്കയാണ്.

ശ്രീരാമകൃഷ്ണദേവൻ:—(ചിരിച്ചുകൊണ്ട്) നോക്കുക! പല്ലൊക്കെ പൊഴിഞ്ഞുപോയി, ഇനിയെന്തിനു ദുർഗ്ഗാപൂജ? (എല്ലാവരും ചിരിക്കുന്നു) പതിവു ദുർഗ്ഗാപൂജക്കാരനോട് ഒരാൾ, "എന്താ! ഇയ്യിടെ ദുർഗ്ഗാപൂജ നടത്തുന്നില്ലെന്നു തോന്നുന്നു?" എന്നു ചോദിച്ചുവത്രേ. അയാൾ മറുപടി പറഞ്ഞു:—"പല്ലൊക്കെ വീണുപോയി. മാംസം കടിച്ചു ചവക്കാൻ ശക്തി ഇല്ല" എന്ന്.

ശ്യാമവസു:—ഹാ! മാധുര്യപൂർണ്ണമായ വാക്ക്!

ശ്രീരാമകൃഷ്ണദേവൻ:—(ചിരിച്ചുകൊണ്ട്) ഈ സംസാരത്തിൽ മണലും പഞ്ചസാരയും കലന്നിരിക്കുന്നു. എറുമ്പിനെപ്പോലെ മണലുതള്ളി

പഞ്ചസാരയെടുക്കണം. പഞ്ചസാരയെടുക്കുന്നവനാണ് സമൎത്ഥൻ. അദ്ദേഹത്തെ ചിന്തനചെയ്യുവാൻ ഒരു നിൎജ്ജനസ്ഥലം തയാറാക്കുക! ധ്യാനസ്ഥലം! നീ ഉണ്ടാക്കുമോ? ഞാനും ഒരു പ്രാവശ്യം വരാം. (എല്ലാരും കുറേനേരം മിണ്ടാതിരുന്നു)

ശ്യാമവസു:—ഭഗവൻ! ജന്മാന്തരമെന്നതുണ്ടോ? ഇനിയത്തെ ജന്മം എന്തായിരിക്കും.

ശ്രീരാമകൃഷ്ണദേവൻ:—ഈശ്വരനോടു പറയൂ! ഉള്ളഴിഞ്ഞു വിളിക്കൂ! അദ്ദേഹം അറിയിക്കുന്നു, അറിയിക്കും. "യദുമല്ലികനോടു നേരിട്ടു സംസാരിക്കുക. അപ്പോൾ യദുമല്ലികൻതന്നെ പറഞ്ഞുതരും, അയാൾക്കു എത്ര നിലവും പുരയിടവും കമ്പനികളും ഉണ്ടെന്ന്" [യദുമല്ലികൻ ഒരു കുബേരനാണ്. ഈശ്വരനെ സാക്ഷാൽക്കരിച്ച്, ഈശ്വരനോടു ചോദിച്ചുതന്നെ മനസ്സിലാക്കുക എന്നു സാരം] ആദ്യമേതന്നെ ഇതൊക്കെ അറിയാൻ ശ്രമിക്ക ശരിയല്ല. ആദ്യം ഈശ്വരനെ ലഭിക്കുക, അനന്തരം എന്താഗ്രഹമോ അത് അദ്ദേഹം തന്നെ അറിയിച്ചുതരും.

ശ്യാമവസു:—ഭഗവൻ! മനുഷ്യൻ സംസാരത്തിലിരുന്ന് എന്തൊക്കെ അന്യായങ്ങളാണ് ചെയ്യുന്നത്, എത്ര പാപകൎമ്മം ചെയ്യുന്നു! അങ്ങനെയുള്ളയാളിനു ഈശ്വരലാഭം സാധിക്കുമോ?

ശ്രീരാമകൃഷ്ണദേവൻ:—ദേഹത്യാഗത്തിനുമുൻപിൽ ആരെങ്കിലും ഈശ്വരസാധനചെയ്യുന്നുവെങ്കിൽ, സാധന ചെയ്തുചെയ്തു ഈശ്വരനെ വിളിച്ചുകൊണ്ട് ദേഹം ത്യജിക്കുന്നുവെങ്കിൽ അയാളെ പാപം ഒരിക്കലും സ്പൎശിക്കുന്നതല്ല. കുളിപ്പിച്ചു നിറുത്തിയാലും മണ്ണുവാരി തലയിലിട്ടുകൊള്ളുക ആനയുടെ സ്വഭാവംതന്നെ. ശരി. എന്നാൽ കുളിപ്പിച്ചുകഴിഞ്ഞു് ആനക്കാരൻെറ വരുതിയിൽ നിറുത്തിയാൽ, പിന്നെ മണ്ണ് തലയിൽ വാരിയിട്ടുകൊള്ളുകയില്ല.

ഭഗവാന് രോഗം കൂടുതൽ. ഭക്തന്മാർ മിണ്ടാതിരിക്കുന്നു; അഹേതുകകൃപാസിന്ധുവായി, ദയാലുവായിരിക്കുന്ന ശ്രീരാമകൃഷ്ണദേവൻ ജീവികളുടെ ദുഃഖത്തിൽ കാതരനായിരിക്കുന്നു; അഹോരാത്രം ജീവികളുടെ മംഗളത്തിനായി ചിന്തിക്കുന്നു. ശ്യാമവസുവിനു ധൈൎയ്യം നൽകുന്നു—അഭയപ്രദാനമരുളുന്നു:—"ഈശ്വരനെ ചിന്തിച്ചുംകൊണ്ടു് ഉടൻ വെടിയുന്നുവെങ്കിൽ പിന്നെ പാപം തീണ്ടുകയേ ഇല്ല."

# ശ്രീരാമാനുജചരിതം.

## അദ്ധ്യായം ൪.

### വ്യാധദമ്പതികൾ.

ഗോവിന്ദൻ പറഞ്ഞ ഭയങ്കരവാൎത്ത കേട്ടിട്ട് രാമാനുജൻ കുറേനേരം കൎത്തവ്യവിമൂഢനായി നിന്നു. ലോകം അന്ധകാരമയമായി തോന്നി. അല്പം കഴിഞ്ഞു നോക്കിയപ്പോൾ പ്രിയസുഹൃത്തായ ഗോവിന്ദനും തന്നേ വിട്ട് വേഗത്തിൽ യാദവശിഷ്യന്മാരോട് ചേരുന്നതിനു പോയതായി കണ്ടു. അപ്പോൾ നേരം പുലരാൻ ഒരു നാഴികയുണ്ട്. പതിനെട്ടു വയസ്സു മാത്രമുള്ള യുവാവ് ആ നിൎജ്ജനമായ അരണ്യത്തിൽ സഹായികളാരും കൂടാതെ എന്തു ചെയ്യും? താൻ എന്തുവേണ്ടു എന്ന് നിശ്ചയിക്കാൻ വഴി കാണാഞ്ഞ് ഗോവിന്ദനെ വിളിക്കാമോ എന്നു വിചാരിച്ചു. എങ്കിലും മററു ശിഷ്യന്മാർ കേട്ടെങ്കിലോ എന്നു ശങ്കിച്ച് അങ്ങിനെ ചെയ്തില്ല. ഗോവിന്ദൻ ക്രമേണ വൃക്ഷങ്ങൾക്കിടയിൽ മറഞ്ഞുപോയി. അപ്പോൾ അത്ഭുതപൂൎവ്വമായ ഒരു ഓജസ്സ് അദ്ദേഹത്തിന്റെ ഇന്ദ്രിയങ്ങളെ ഉത്തേജിപ്പിച്ചു ആരോ തന്റെ ഉള്ളിൽനിന്ന് ഇപ്രകാരം പറയുന്നതുപോലെ തോന്നി. "എന്തിനു പേടിക്കുന്നു, ശ്രീനാരായണനില്ലേ?" രാമാനുജൻ, ചതിയന്മാരായ സഹപാഠികളുടെ കയ്യിൽനിന്നും രക്ഷപ്രാപിക്കുന്നതിനുവേണ്ടി പെട്ടെന്ന് വഴിവിട്ടു തെക്കുഭാഗത്തുള്ള നിബിഡമായ അരണ്യത്തിൽ കടന്നു. ഒരിക്കൽപോലും പുറകോട്ടു നോക്കാതെ ഒന്നുരണ്ടു നാഴികനേരം ക്രമേണ അതിവേഗത്തിൽ നടന്നു. ഇടയ്ക്ക് അദ്ദേഹത്തിന്റെ പേർ ചൊല്ലി ആരോ ഉച്ചത്തിൽ വിളിച്ചു. അതു കേട്ടശേഷവും പൂൎവ്വാധികം വേഗത്തിൽ നടന്നുതുടങ്ങി. ഒടുവിൽ വിശപ്പും ദാഹവുംകൊണ്ട് ക്ഷീണിച്ചു നടക്കാൻ ശേഷിയില്ലാതെ ഒരു വൃക്ഷത്തണലിൽ ചെന്നിരുന്നു. ഇരിക്കാൻ ശക്തിയില്ലാതിരുന്നതിനാൽ അദ്ദേഹം അവിടെത്തന്നെ ശയിച്ചു. അചിരേണ സൎവ്വസന്താപഹാരിണിയായ നിദ്രയുടെ ആലിംഗനത്താൽ സകലദുഃഖങ്ങളും വിസ്മരിച്ചു. ഉണൎന്നു നോക്കിയപ്പോൾ സൂൎയ്യൻ അസ്തമയാഭിമുഖനായിരിക്കുന്നതുകണ്ടു. സമയം അപരാഹ്നമായി. അദ്ദേഹത്തിന്റെ വിശപ്പും തളൎച്ചയും എവിടെയോ പോയിരിക്കുന്നു. താൻ അത്യന്തം ബലിഷ്ഠനായിരിക്കുന്നുവെന്നുകണ്ട് ത്രിതാപഹാരിയായ ശ്രീ ഹരിയെ സ്തുതിച്ചു. കാലും മുഖവും കഴുകി എങ്ങോട്ടെങ്കിലും പോകാനുറച്ചു. ഈ സമയം രണ്ടു വ്യാധദമ്പതികൾ അദ്ദേഹത്തിനഭിമുഖമായി നടന്നുവരുന്നതുകണ്ടു. വ്യാധപത്നി അടുത്തുവന്ന് ചോദിച്ചു, "വത്സ! നീ വഴിവിട്ട് ഈ വിജനസ്ഥലത്ത് ഏകാകിയായിരിക്കുന്നതെന്താണ്? നീ ഒരു ബ്രാഹ്മണക്കുട്ടിയല്ലേ. നിന്റെ ഭവനമെവിടെയാണ്?" ശ്രീരാമാനുജൻ പറഞ്ഞു, "എന്റെ

ഭവനം ഇവിടെനിന്നും വളരെ ദൂരെയാണ്. തെക്കേദിക്കിൽ കാഞ്ചീപുരമെന്നു കേട്ടിട്ടുണ്ടോ? അവിടെത്തന്നെ" ഇതു കേട്ട് വ്യാധൻ പറഞ്ഞു, "ദസ്യുബഹുലമായ ഈ ഭയങ്കരവനത്തിൽ എങ്ങിനെ വന്നുചേർന്നു? പകൽ പോലും ഇവിടെക്കൂടി ഒരുത്തരും യാത്രചെയ്യയില്ല, എന്നു മാത്രമല്ല, ദുഷ്ടമൃഗങ്ങൾ കൂസൽകൂടാതെ എല്ലായ്പ്പോഴും ഇവിടെ സഞ്ചരിക്കുന്നു. കാഞ്ചീപുരം ഞാൻ അറിയും. ഞങ്ങളും ആ സ്ഥലത്തേയ്ക്കുതന്നെ പോകുന്നു. ഈ ഭയങ്കരസ്ഥലത്ത് നിന്നേ ഏകാകിയായി കണ്ടിട്ട് അതിൻെറ കാരണമറിവാൻ വന്നു." ഇതുകേട്ട രാമാനുജൻ ചോദിച്ചു, "നിങ്ങളുടെ ജന്മഭൂമി എവിടെയാണ്? എന്തിനായിട്ടാണ് കാഞ്ചീപുരത്തു പോകുന്നതു്?" വ്യാധൻ പറഞ്ഞു, "എൻെറ ജനനസ്ഥലം വിന്ധ്യാചലസാനുവിലുള്ള ഒരു വനപ്രദേശത്താണ്. ജീവിതകാലം മുഴുവൻ വ്യാധവൃത്തികൊണ്ട് നൃശംസമായി കഴിച്ചതുവിചാരിച്ച് ഞാനും പത്നിയും പാരലൌകികമായ ശ്രേയസ്സിനുവേണ്ടി തീർത്ഥാടനത്തിനു പുറപ്പെട്ടിരിക്കുകയാണ്. കാഞ്ചീപുരത്തുനിന്നു രാമേശ്വരത്തു പോകണമെന്നും ഇച്ഛയുണ്ട്. നന്നായി, നിന്നേപ്പോലുള്ള സജ്ജനങ്ങളുടെ സഹവാസം ലഭിച്ചല്ലോ." നിനക്കു് വഴി തെററിപ്പോയെന്നു തോന്നുന്നു, ഏതായാലും ഭയപ്പെടേണ്ടാ. സർവ്വലോകശരണ്യനായ ഭഗവാൻ ശ്രീ പരമേശ്വരൻ നിനക്കു് രക്ഷചെയ്യുന്നതിനായിട്ട് ഞങ്ങളെ ഇവിടെ അയച്ചിരിക്കയാണ്." ശ്യാമളവർണ്ണനും ദീർഘകായനും ലോഹിതനേത്രനുമായ ആ വ്യാധൻെറ രൂപംകണ്ട് രാമാനുജൻ ആദ്യം അല്പം ഭയപ്പെട്ടു, എങ്കിലും അയാളുടെ മുഖമണ്ഡലത്തിൽ ഒരു വിധം സ്നേഹമസൃണമായ ഗാംഭീര്യം കളിയാടിയിരുന്നു, വാക്കിൽ ഹൃദയാകർഷകമായ ഒരു അപൂർവ്വമാധുര്യവും ഉണ്ടായിരുന്നു. അയാളുടെ ഭാര്യയുടെ സ്നേഹപൂർണ്ണമായ സരളസംഭാഷണംനിമിത്തം രാമാനുജൻെറ സകല സംശയങ്ങളും ക്രമേണ വിട്ടുമാറി. അദ്ദേഹം അവരെ അനുഗമിക്കുവാൻ തയാറായി. സമയം അധികമായില്ല. വ്യാധൻ പറഞ്ഞു, "നടക്കുക, ഈ വനപ്രദേശം കടന്നിട്ട് വളരെയകലെയല്ലാതെ അത്യന്തം വിശാലവും അന്തസ്സലിലയുമായ ഒരു നദിയുണ്ട്, നമുക്കു് ആ നദീതീരത്തിൽ ഇന്നു രാത്രി കഴിക്കാം" അല്പം നടന്നശേഷം അവർ നദീതീരത്തിലെത്തി. അവിടെ വിറകുകൾ കൊണ്ടുവന്നു് വ്യാധൻ തീ കത്തിച്ചു. അതിൻെറ ഒരു വശം നിരത്തി വെടിപ്പാക്കി അവിടെ കിടന്നുകൊള്ളുന്നതിനു രാമാനുജനോടു പറഞ്ഞു, താനും പത്നിയോടുകൂടി മറുവശത്തിലും വിശ്രമിച്ചു. വ്യാധപത്നി ഭർത്താവിനെ വിളിച്ചു പറഞ്ഞു. "എനിക്കു വളരെ ദാഹമുണ്ട്, ഇവിടെങ്ങാനും വെള്ളം കിട്ടുമെങ്കിൽ കൊണ്ടുവന്നാൽ കൊള്ളാം" വ്യാധൻ പറഞ്ഞു, നേരം രാത്രിയായി ഇപ്പോൾ ഇവിടംവിട്ടു പോകുന്നതു് നന്നല്ല. ഇവിടെ അടുത്തു് ഒരു നല്ല കിണറുണ്ട്. രാവിലെ അതിലിറങ്ങി ദാഹം ശമിപ്പിക്കാം." വ്യാധപത്നി അതു സമ്മതിച്ചു.

പിറേറന്നാൾ ദിവസം രാവിലെ എഴുന്നേററു പ്രഭാതകൃത്യങ്ങളെല്ലാം കഴിഞ്ഞു് രാമാനുജൻ വ്യാധദമ്പതികളെ പിൻതുടൎന്നു. കുറേ ദൂരം നടന്നപ്പോൾ അവർ മുൻപറഞ്ഞ കിണററിന്നരികത്തെത്തി. കിണററിനു് ധാരാളം കല്പടികളുള്ളതായിരുന്നു, അതുവഴി അതിലിറങ്ങിയിട്ടു് രാമാനുജൻ കാലും മുഖവും കഴുകി തണുത്ത വെള്ളംകോരി കുടിച്ചു് ദാഹം തീൎത്തു. അനന്തരം കൈക്കുമ്പിളിൽ വെള്ളം കോരി മുകളിൽ കൊണ്ടുവന്നു് വ്യാധപത്നിയ്ക്കു കൊടുത്തു. ഇപ്രകാരം മൂന്നുപ്രാവശ്യം കോരിക്കൊടുത്തിട്ടും വ്യാധപത്നിയുടെ കലശലായ പിപാസ ശമിക്കായ്കയാൽ അദ്ദേഹം നാലാം പ്രാവശ്യവും കിണററിലിറങ്ങി വെള്ളം കൊണ്ടുവന്നു, എന്നാൽ അവരെയാകട്ടെ പിന്നീടു് കാണുകയുണ്ടായില്ല. അവിടെയെല്ലാം കണ്ണോടിച്ചു നോക്കിയിട്ടും അവരെ അവിടെങ്ങും കണ്ടില്ല. മൂന്നുനാലു നിമിഷത്തിനുള്ളിൽ അവർ എവിടെയാണു് പോയതു് എന്നു വിചാരിച്ചു് അദ്ദേഹം വളരെ പരിഭ്രമിച്ചു. അനന്തരം ഇവർ കേവലം മനുഷ്യരല്ല, ദേവന്മാരാണു് എന്നു വിചാരിച്ചു. ലക്ഷ്മീനാരായണൻ വ്യാധദമ്പതികളുടെ രൂപത്തിൽ അദ്ദേഹത്തിനു വഴികാണിച്ചുകൊടുത്തു രക്ഷിച്ചു. അദ്ദേഹം അടുത്തുതന്നെ ചില ഗോപുരങ്ങളും അനവധി ഗൃഹങ്ങളും കണ്ടു് ഇതു് ഒരു നഗരമായിരിക്കുമെന്നു നിശ്ചയിച്ചു. അല്പം കഴിഞ്ഞു് ഒരു പാന്ഥനെക്കണ്ടു ചോദിച്ചു, "മഹാശയ! ഈ സ്ഥലത്തിൻെറ പേരെന്താണു്? ഇതുകേട്ടു് പഥികൻ ആശ്ചൎയ്യഭരിതനായി രാമാനുജൻെറ മുഖത്തു നോക്കിക്കൊണ്ടു പറഞ്ഞു. "എന്താഹേ! നിങ്ങൾ ആകാശത്തുനിന്നും വന്നിരിക്കയാണോ? വിഖ്യാതമായ കാഞ്ചീപുരം അറിയുകയില്ലയോ? നിന്നെ കണ്ടിട്ടു് നീ ഇവിടുത്തുകാരനെന്നു തോന്നുന്നു. എന്നാൽ വിദേശിയെപ്പോലെ സംസാരിക്കയും ചെയ്യുന്നു. നീ മഹാത്മാവായ യാദവപ്രകാശൻെറ ശിഷ്യനല്ലേ? നിന്നെ പല പ്രാവശ്യം ഈ കാഞ്ചീപുരത്തുവച്ചു ഞാൻ കണ്ടിട്ടുണ്ടു്. നീ ഇറങ്ങി മുഖംകഴുകിയ കിണർ കാണുന്നില്ലേ? വളരെ പ്രായംചെന്ന സാലവൃക്ഷങ്ങൾ നിറഞ്ഞ ഈ സ്ഥലം നീ അറിയുന്നില്ലേ? ഇതിൻെറ പേർ സാലകൂപമെന്നാണു്. ഈ കിണററിലെ ജലം ത്രിതാപനാശകമാണു്. ഇതുനിമിത്തം പലയിടങ്ങളിൽനിന്നും ജനങ്ങൾ ഈ തീൎത്ഥം സേവിക്കാൻ വരാറുണ്ടു്. ഇത്രയും പറഞ്ഞു് ആ പഥികൻ നടന്നുപോയി. രാമാനുജൻ ഉറക്കമുണൎന്നവനെപ്പോലെ ആദ്യം അല്പം ഭ്രമിച്ചെങ്കിലും അത്ഭുതപരതന്ത്രനായിട്ടു് അവിടെത്തന്നെ ഇരുന്നു. അനന്തരം വ്യാധദമ്പതികളെ സ്മരിച്ചു് ആ മനോജാഡ്യം മാററി. ലക്ഷ്മീനാരായണൻെറ അപാരമായ കരുണതന്നെ തൻെറ രക്ഷയ്ക്കു് കാരണമെന്നു് അദ്ദേഹം നിസ്സംശയം അനുമാനിച്ചു. പ്രേമവിഹ്വലനായി അശ്രുവൎഷംചെയ്തുകൊണ്ടു് ശ്രീനാരായണൻെറ ചരണപത്മങ്ങളെ ഉദ്ദേശിച്ചു് ഇപ്രകാരം പറഞ്ഞു് നമസ്കരിച്ചു.

ഓം നമോ ബ്രഹ്മണ്യദേവായ ഗോ ബ്രാഹ്മണഹിതായ ച
ജഗദ്ധിതായ കൃഷ്ണായ ഗോവിന്ദായ നമോനമഃ.

# ഭക്തിരഹസ്യം

## അദ്ധ്യായം ൧.

### ഭക്തിസാധനം.

(തുടൎച്ച)

ഈശ്വരസ്മരണ സദാ ഉണ്ടായിരിക്കുന്നതിനു സംഗീതം ഏററവും വലിയ സഹായമാണ്. ഭക്ത്യാചാൎയ്യവൎയ്യനായ നാരദനോട് ഭഗവാൻ ഇപ്രകാരം പറയുന്നു:—

"നാഹം തിഷ്ഠാമി വൈകുണ്ഠേ യോഗിനാം ഹൃദയേ നച
മത്ഭക്തായത്രഗായന്തി തത്ര തിഷ്ഠാമി നാരദ".

ഹേ നാരദ, ഞാൻ വൈകുണ്ഠത്തിലൊ യോഗികളുടെ ഹൃദയത്തിലൊ അല്ല വസിക്കുന്നത്. എന്റെ ഭക്തന്മാർ എവിടെയാണൊ ഗാനംചെയ്യുന്നത് ഞാൻ അവിടെ സ്ഥിതിചെയ്യുന്നു. മനുഷ്യന്റെ മനസ്സിനെ ഒരു നിമിഷംകൊണ്ട് ഏകാഗ്രമാക്കത്തക്കവിധത്തിലുള്ള മഹാശക്തി സംഗീതത്തിനുണ്ട്. സാധാരണ സമയങ്ങളിൽ കാണിനേരംപോലും മനസ്സിനെ നേരെ നിറുത്തുന്നതിനു കഴിവില്ലാത്ത മൂഢരും അജ്ഞരും നീചരും മൃഗപ്രായരുമായ മനുഷ്യർപോലും ആകൎഷകമായ ഗാനം കേൾക്കുന്ന ക്ഷണത്തിൽ ഏകാഗ്രചിത്തരും മുഗ്ദ്ധന്മാരുമായിത്തീരുന്നു. പട്ടി, സിംഹം, പൂച്ച, പാമ്പ് മുതലായവപോലും ഗാനത്തിൽ മോഹിക്കുന്നു.

൩. ക്രിയാ; അന്യന്മാൎക്ക് നന്മചെയ്കയാണ് ക്രിയ. സ്വാൎത്ഥപരൻ ഈശ്വരനെ ഓൎമ്മിക്കയില്ല. നാം അന്യൎക്ക് നന്മചെയ്യുന്നതിനു എത്രയധികം യത്നിക്കുന്നുവൊ അത്രയും നമ്മുടെ ഹൃദയം ശുദ്ധമാകുകയും ഈശ്വരാവാസയോഗ്യമായിത്തീരുകയും ചെയ്യുന്നു. ശാസ്ത്രവിധിയനുസരിച്ച് അഞ്ചു യജ്ഞങ്ങളാണുള്ളത്. ഒന്നാമത്തേത് സ്വാദ്ധ്യായം. പവിത്രവും മംഗളവുമായ ഏതെങ്കിലും ഗ്രന്ഥം നിത്യവും പഠിക്കണം. ദേവന്മാരേയും ഋഷികളേയും പൂജിക്കുകയാണ് രണ്ടാമത്തെ യജ്ഞം. മൂന്നാമതായി പിതൃക്കളോടുള്ള നമ്മുടെ ബാദ്ധ്യത തീൎക്കുക. നാലാമത് മനുഷ്യരോടുള്ള കടമ. ദരിദ്രരും അകിഞ്ചനന്മാരും ആയിട്ടുള്ളവൎക്കുകൂടി വേണ്ടിയാണ് ഗൃഹസ്ഥൻ ഗൃഹനിൎമ്മാണംചെയ്യുന്നത്. അവൻ അവൎക്കുകൂടി സ്വഗൃഹത്തിൽ പ്രവേശം നൽകുന്നുവെങ്കിൽ മാത്രമെ യഥാൎത്ഥ ഗൃഹസ്ഥനാകയുള്ളു. തനിക്കും പത്നിക്കും മാത്രം സുഖിക്കുന്നതിനുവേണ്ടി മാത്രമായി ഗൃഹം നിൎമ്മിക്കുന്നവൻ ഒരിക്കലും ഈശ്വരപ്രേമിയാകയില്ല. തനിക്കുമാത്രം വേണ്ടി ആഹാരം പചിക്കുന്നതിന് ആൎക്കും അവകാശമില്ല. അന്യൎക്കു ദാനംചെയ്തതിന്റെ

അവശിഷ്ടം മാത്രമെ തനിക്കായിട്ടുള്ളു. ഏതെങ്കിലും ഋതുവിൽ മാങ്ങ തുടങ്ങിയ ഫലങ്ങൾ ചന്തയിൽ വന്നാൽ വിലയ്ക്കുവാങ്ങി കുറെഭാഗം പാവങ്ങൾക്കു കൊടുക്കുക ഇൻഡ്യയിൽ ഇന്നും നടക്കുന്ന പതിവാണ്. ബാക്കിയുള്ളതു് ഭക്ഷിക്കുന്നു. ഈ ആദർശം പാശ്ചാത്യദേശങ്ങളിലും അനുകരിക്കേണ്ടതാണ്. ഈ പരിശീലനംകൊണ്ടു് ഒരുവൻെറ സ്വാൎത്ഥപരത പോകുന്നതുകൂടാതെ അവൻെറ ഭാൎയ്യയ്ക്കും കുട്ടികൾക്കും ഒരു സാധനപാഠമായിത്തീരുകയും ചെയ്യുന്നു. പുരാതനകാലത്തു് ഹീബ്റു സമുദായക്കാർ അവർ കൃഷിചെയ്തുണ്ടാക്കുന്ന ഫലങ്ങളുടെ ആദ്യഭാഗം ദേവനു നിവേദിക്കുക പതിവായിരുന്നു. സകല വസ്തുക്കളുടേയും അഗ്രാംശം ദരിദ്രന്മാൎക്കുള്ളതാണ്. ബാക്കിയെ നമുക്കവകാശപ്പെട്ടിട്ടുള്ളു: ദരിദ്രന്മാർ ഈശ്വരൻെറ പ്രതിനിധികളാണ്. ദുഃഖിതന്മാർ എല്ലാവരും അവിടത്തെ പ്രതിനിധികൾ തന്നെ. ദാനംകൂടാതെ ഭുജിക്കുകയും ഭോഗത്തിൽ രമിക്കുകയും ചെയ്യുന്നവൻ പാപത്തിൽ രമിക്കുന്നു. യജ്ഞങ്ങളിൽ അഞ്ചാമത്തതു് താഴ്ന്ന ജീവികളോടുള്ള നമ്മുടെ കടമയാണ്. സകല പ്രാണികളും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു് മനുഷ്യൻെറ ഇച്ഛപോലെ ഹിംസിച്ചുപയോഗിക്കുന്നതിനാണ് എന്നു പറയുന്നതു് രാക്ഷസപ്രകൃതിയാണ്. അതു് ദൈവത്തിൻെറ സുവിശേഷമല്ല, പിശാചിൻെറ സുവിശേഷമാണ്. ശരീരത്തിലൊരുഭാഗത്തു് നാഡീസ്പന്ദനം നില്ക്കുന്നതു കാണുന്നതിനായി അവയെ ഛേദിക്കുന്നതു് എത്ര പൈശാചികമാണെന്നു വിചാരിച്ചുനോക്കുക! വിദേശീയഗവൎമ്മേൻറിൽനിന്നും എത്രതന്നെ പ്രോത്സാഹനം ലഭിച്ചാലും നമ്മുടെ രാജ്യത്തു് ഹിന്ദുക്കൾ ഇപ്രകാരമുള്ള കൃത്യങ്ങൾക്കു പിൻബലം നല്കുന്നില്ലെന്നുള്ളതു് സന്തോഷാവഹംതന്നെ. ഗൃഹത്തിൽ പാകംചെയ്യുന്ന ആഹാരത്തിൻെറ ഒരു ഭാഗം മൃഗങ്ങൾക്കവകാശപ്പെട്ടതാണ്. ഈ ദേശത്തെ എല്ലാ പട്ടണങ്ങളിലും മുടന്തുള്ളതൊ, കണ്ണുപൊട്ടിയതൊ ആയ കുതിരകളെയും, പശു, പട്ടി പൂച്ച മുതലായവയേയും സംരക്ഷിക്കുന്നതിനു വേണ്ടി മൃഗാശുപത്രികൾ ഉണ്ടായിരിക്കേണ്ടതാണ്.

ഭക്തിസാധനയിൽ ഒടുവിലത്തതു ൧. കല്യാണം. ൨. സത്യം തുടങ്ങിയവയാണ്. സകലൎക്കും മംഗളമാശംസിക്കുകയാണ് കല്യാണം. സത്യനിഷ്ഠന് സത്യസ്വരൂപനായ ഈശ്വരൻ സ്വയം ദൎശനം നല്കുന്നു. മനോവാക്കൎമ്മങ്ങൾകൊണ്ടു് സത്യം പരിപൂൎണ്ണമായി ആചരിക്കണം. അടുത്തതു് ൩. ആൎജ്ജവം—നേരു്, സരളത; ഹൃദയത്തിൽ കുടിലതയൊ ചതിയൊ ഉണ്ടായിരിക്കരുതെന്നു താല്പൎയ്യം. കുറെ കൎക്കശമായി പെരുമാറണ്ടപ്പോഴും കുടിലത വെടിഞ്ഞു നേരെതന്നെ പോകണം. ൪. ദയ-അൻപു് ൫. അഹിംസ. മനോവാക്കൎമ്മങ്ങൾകൊണ്ടു് ഒരു ഭൂതത്തേയും ക്ലേശിപ്പിക്കാതിരിക്കുക. ൬. ദാനം. ദാനത്തിനെക്കാൾ ഉയൎന്ന ധൎമ്മമില്ല.

അന്യരിൽനിന്നും ലഭിക്കുന്നതിനുവേണ്ടി കൈ നീട്ടുന്നവനെപ്പോലെ അധമൻ വേറെ ഇല്ല. അന്യക്ക് ദാനം നൽകുന്നതിനായി കൈ നീട്ടുന്നവനാണ് ഉത്തമൻ. കൈയ്യുടെ പ്രയോജനം ദാനംചെയ്യുകയാണ്. നിങ്ങൾ പട്ടിണികിടന്നാലും ശരി ലഭിച്ച ആഹാരത്തിന്റെ അന്ത്യാവശിഷ്ടം പോലും അന്യക്ക കൊടുക്കുക. അന്യനു ദാനംചെയ്യുതുകൊണ്ട് പട്ടിണിയും തൽഫലമായി മരണവും പ്രാപിക്കുന്നവൻ ആ ക്ഷണത്തിൽ മുക്തനായിത്തീരുന്നു. പൂൎണ്ണത്വം ഉടൻ ലഭിക്കുന്നു; ഈശ്വരൻ തന്നെയായിത്തീരുന്നു. സന്താനമുള്ളവർ ബദ്ധന്മാരാണ്. ദാനംചെയ്വാൻ അവക്കു നിവൃത്തിയില്ല. അവക്ക് പുത്രസുഖമനുഭവിക്കണം. അതിനുവേണ്ടി അവർ കഷ്ടപ്പെടുന്നു. ലോകത്തിൽ ധാരാളം കുട്ടികളില്ലേ? എനിക്കു സ്വന്തമായൊരു കുട്ടിവേണമെന്നു പറയുന്നതു് സ്വാൎത്ഥം മാത്രമാണ്. ഫല. അനാവശ്യവാദം; നൈരാശ്യത്തോടെ ഉദാസീനനായി സമയം കളയാതെ സന്തുഷ്ടനായിരിക്കുക എന്നു സാരം. വേറെ എന്തുതന്നെയായാലും നിരാശ ഒരിക്കലും ധൎമ്മമല്ല. സദാ സന്തുഷ്ടനായി സ്മേരമുഖനായി ഇരുന്നാൽ തന്നെ, ഭഗവാനുമായി പ്രാൎത്ഥനകൊണ്ടു സാധിക്കാവുന്നതിൽ കൂടുതൽ, അടുപ്പമുണ്ടാകുവാൻ കഴിയും. ഇരുട്ടടഞ്ഞതും വിഷണ്ണവുമായ മനസ്സിൽ പ്രേമം എങ്ങിനെയുണ്ടാകും? അവർ പ്രേമത്തെപ്പററി സംസാരിക്കുന്നു എങ്കിൽ അതു പൊളിയാണ്. പരോപദ്രവമാണ് അവർ അന്വേഷിക്കുന്നതു്. മതഭ്രാന്തന്മാരെ നോക്കുക. അവർ സദാ വിരസഭാവം കാണിക്കുന്നു. വാക്കിലും പ്രവൎത്തിയിലും അന്യരോടു പോരാടുകയാണ് അവരുടെ ധൎമ്മം. മുൻ കാലങ്ങളിലും ഇപ്പോഴും അവക്കു പ്രവൎത്തിക്കുന്നതിനധികാരം ലഭിച്ചാൽ അവർ എങ്ങിനെയാണ് ചെയ്യുന്നതെന്നു ചിന്തിച്ചുനോക്കുക? അധികാരശക്തി കിട്ടുന്നതിനു സഹായിക്കുമെങ്കിൽ ലോകം മുഴുവൻ നാളെത്തന്നെ രക്തപ്രളയമുണ്ടാകും. അധികാരശക്തിയെ ആരാധിക്കുകയും ദുർമ്മുഖം കാണിക്കുകയും ചെയ്യുന്ന ഇക്കൂട്ടരുടെ ഹൃദയത്തിൽ സ്നേഹകണികപോലും നിലനില്ക്കുന്നില്ല. അതുകൊണ്ട് സദാ വ്യസനിയായവൻ ഒരിക്കലും ഈശ്വരനെ പ്രാപിക്കുകയില്ല. ഞാൻ ഇത്ര ദീനനാണല്ലൊ എന്നു വിലപിക്കുന്നതു് മനുഷ്യോചിതവുമല്ല—ധൎമ്മമല്ല. ഏതൊരുവനും അവന്റെ ഭാരം തന്നത്താൻ വഹിക്കേണ്ടതാണ്, ആത്മനാണെങ്കിൽ സുഖം നേടാൻ ശ്രമിക്കുക! ദുഃഖത്തിന്റെ മേൽ വിജയം നേടുക!

ഈശ്വരൻ ബലഹീനനാൽ പ്രാപ്യനല്ല. ഒരിക്കലും ബലഹീനനായിരിക്കരുതു്. നിങ്ങൾ ബലിഷ്ഠരായിത്തീരുവിൻ. അസീമശക്തി നിങ്ങളിൽ സ്ഥിതിചെയ്യുന്നുണ്ട്. ഇല്ലെങ്കിൽ ഏതുപ്രകാരമാണ് ഈശ്വരനെ പ്രാപിക്കുക? അതേസമയം തന്നെ അതിരററ ആഹ്ലാദം (ഫര. ഉദ്ധൎഷം) കാണിക്കരുതു്. ഈ അവസ്ഥയിൽ മനസ്സ് ശാന്തമാകയില്ല; ചഞ്ചലമായിത്തന്നെ ഇരിക്കയുള്ളു. അതിപ്രമോദത്തിനെ തുടരുന്നതു് ദുഃഖമാണ്

കണ്ണുനീരും ചിരിയും അടുത്ത ബന്ധുക്കളാണ്. ആളുകൾ ഒരററത്തു നിന്നു മറേറ അററത്തേയ്ക്കു പായുന്നു. മനസ്സ സന്തുഷ്ടവും ശാന്തവുമായിരിക്കട്ടെ! അധികം എവിടെയും വർജ്ജിക്കണം; എന്തുകൊണ്ടെന്നാൽ ആധിക്യത്തിന് പ്രതികാരമുണ്ട്. ശ്രീരാമാനുജാചാര്യൻെറ അഭിപ്രായമനുസരിച്ച് ഇവയെല്ലാമാണ് ഭക്തിസാധന. (തുടരും)

# ശ്രീ വിവേകാനന്ദചരിതം.

## ഷാണിഹാടിയിലെ മഹോത്സവവും ശ്രീരാമകൃഷ്ണദേവനും.

ശ്രീരാമകൃഷ്ണദേവൻെറ വരം ലഭിച്ചതോടുകൂടി നരേന്ദ്രൻെറ കഠിന ദാരിദ്ര്യം മാറി. സ്വല്പം കഴിഞ്ഞപ്പോൾ കൽക്കട്ടാ നഗരത്തിൽ ചാമ്പത്താലാ തെരുവിൽ മഹാനായ ഈശ്വരചന്ദ്രവിദ്യാസാഗരനാൽ ഏർപ്പെടുത്തപ്പെട്ട പ്രസിദ്ധ കാളേജായ മെററ്റാപ്പാളിററൻ ഇൻസ്റ്റിററ്യൂഷൻെറ ഒരു ശാഖ സ്ഥാപിക്കപ്പെട്ടു. വിദ്യാസാഗരൻെറ പ്രീതിയുടെ ഫലമായി നരേന്ദ്രന് ഈ ശാഖാവിദ്യാലയത്തിൽ ഹെഡ്മാസ്റ്റർ ജോലി കിട്ടി. ൧൦൫൯-ാമാണ്ട് മേടമാസം മുതൽ ൩-൪ മാസം നരേന്ദ്രന് ഈ ജോലി ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ വേറെ ഒരുപദ്രവം വന്നു. ദായാദികളിൽ ഒരാൾ സൂത്രത്തിൽ നരേന്ദ്രൻ താമസിച്ച നല്ല വീടു കയ്യിലാക്കി നരേന്ദ്രനെ രാമതനു ഇടവഴിയിൽ ഉള്ള അമ്മൂമ്മയുടെ വീട്ടിലേയ്ക്കു അയച്ചു. നരേന്ദ്രൻ ഉടൻ സ്വന്ത വീട് വീണ്ടും കൈവശം കിട്ടാനായി കൽക്കത്താ ഹൈക്കോടതിയിൽ ഒറിജിനൽ സൈഡിൽ വ്യവഹാരംകൊടുത്തു. വ്യവഹാരം കുറേക്കാലം നടന്നു എങ്കിലും അതിലേയ്ക്കും ബി. എൽ. പരീക്ഷയ്ക്കു പഠിക്കാനുള്ള സൌകൎയ്യത്തിനുമായി വാദ്ധ്യാർജോലി രാജിവയ്ക്കേണ്ടിവന്നു. എന്നാൽ ഈ ജോലി ത്യജിക്കാൻ പ്രധാനകാരണം ശ്രീരാമകൃഷ്ണദേവന് കണ്ഠത്തിൽ രോഹിണീരോഗം ഉണ്ടായപ്പോൾ അദ്ദേഹത്തിൻെറകൂടെ താമസിച്ച് ചികിത്സചെയ്തു ശുശ്രൂഷിക്കേണ്ട ആവശ്യമുണ്ടായിട്ടാണ്.

൧൦൬൦-ാമാണ്ടത്തെ വേനൽ കൽക്കത്തായിലും സമീപത്തും വളരെ ഭയങ്കരമായിരുന്നു. ചൂടുസഹിക്കാൻവേണ്ടി മഞ്ഞുകട്ടി അധികം ഉപയോഗിക്കണം എന്ന് ജനങ്ങൾ പറഞ്ഞു. ഭഗവാൻ ഇക്കാലത്തു വളരെ അധികം മഞ്ഞുകട്ടി ഉപയോഗിച്ചു. ഈ വിവരം ഭക്തന്മാർ അറിഞ്ഞപ്പോൾ ധാരാളം മഞ്ഞുകട്ടി ദക്ഷിണേശ്വരത്തു എന്നും വന്നുതുടങ്ങി. ഭഗവാൻ

സർബത്തു മുതലായ പാനീയങ്ങളിൽ മഞ്ഞുകട്ടി ധാരാളം ചേർത്തു് ബാലകസ്വഭാവത്തിന അനുരൂപമായ ഉത്സാഹത്തോടെ ഉപയോഗിച്ചു.

ഇപ്രകാരം മഞ്ഞുകട്ടി പതിവായി ഉപയോഗിച്ചപ്പോഠം കണ്ഠത്തിനുള്ളിൽ ഒരു വേദന ആരംഭിച്ചു. മീനമാസം ഒടുക്കമോ മേടം ആരംഭത്തിലോ ആണു് വേദന തുടങ്ങിയതു്. ഒരു മാസം കഴിഞ്ഞിട്ടും വേദന കുറവില്ലാതെ ഇടവം പതിനഞ്ചാം തീയതിയോടുകൂടി വേദന വളരെ വൎദ്ധിച്ചു. വിശേഷിച്ചും അധികം സംസാരിച്ചാലോ സമാധിസ്ഥനായിരുന്നാലോ വേദന വൎദ്ധിക്കും. തണുപ്പുകൊണ്ടു കണ്ഠത്തിലും താലുവിലും സ്വല്പം നീക്കേട്ടും വന്നു. കുറേ ദിവസം ലേപനങ്ങഠം ഉപയോഗിച്ചിട്ടും കുറവു് കാണാത്തതിനാൽ ചികിത്സയ്ക്കു് ബാഗ്ബ്ജാറിലെ ഡാക്ടർ രാഖാലിനെ വരുത്തി. അദ്ദേഹം പരിശോധിച്ചു് അകത്തും പുറത്തും ഇടാൻ മരുന്നുകൊടുത്തു അധികം സംസാരിക്കാതെയും അധികകാലം സമാധിയിൽ പ്രവേശിക്കാതെ ഇരിക്കുന്നതിനും സൂക്ഷിക്കണം എന്നു ശിഷ്യന്മാരോടുപദേശിച്ചു. ഇടവമാസം ശുക്ലപക്ഷം ത്രയോദശി അടുക്കാറായി. കൽക്കത്തായിൽ ൫, ൬ മൈൽ വടക്കു ഗംഗാതീരത്തിൽ ഉള്ള പാണിഹാട്ടി എന്ന ഗ്രാമത്തിൽ ആണ്ടുതോറും ഈ ദിവസം വൈഷ്ണവന്മാരുടെ ഒരു വലിയ ഉത്സവം നടക്കുന്നുണ്ടു്. ശ്രീ ചൈതന്യദേവൻെറ പ്രധാന ശിഷ്യന്മാരിൽ ഒരാളായ ശ്രീ രഘുനാഥഗോസ്വാമിയുടെ ത്യാഗത്തിൻേറയും വൈരാഗ്യത്തിൻേറയും വൃത്താന്തം ബംഗാളികഠം എന്നും ഓൎമ്മിക്കുന്നതാണു്. ൨൮ ലക്ഷം രൂപ ആണ്ടുതോറും വരവുള്ള ഒരു പ്രഭുവിൻെറ ഏക സന്താനം, അതി സുന്ദരിയായ ഒരു യുവതിയുടെ ഭൎത്താവു് യൌവനാരംഭത്തിൽത്തന്നെ ശ്രീ ചൈതന്യദേവൻെറ ചരണം ആശ്രയിച്ചു് സംസാരം ത്യജിക്കാൻഭാവിച്ചു. 'നിൻെറ വൈരാഗ്യം മൎക്കടവൈരാഗ്യം ആണു്. കുറേക്കാലംകൂടി ഗൃഹത്തിൽ താമസിക്കണം' എന്നു് ഗുരുദേവൻെറ ആജ്ഞ അനുസരിച്ചു് ഗൃഹത്തിൽ ചെന്നു പിതാവിനെ ലൌകികകാൎയ്യങ്ങളിൽ സഹായിച്ചുവന്നു. അച്ഛൻെറ സമ്മതത്തോടുകൂടി ഇടക്കിടയ്ക്കു് ചൈതന്യദേവൻെറ ശിഷ്യന്മാരുടെ അടുക്കൽചെന്നു് കുറേ ദിവസം താമസിച്ചു അവരുടെ സല്ക്കാരങ്ങഠം അനുഭവിച്ചു തിരിയെ മടങ്ങിപ്പോകും. ഇപ്രകാരം ത്യാഗത്തിൻെറ അവസരം നോക്കിക്കൊണ്ടിരിക്കുമ്പോഠം ശ്രീ ചൈതന്യദേവൻ സന്യാസം സ്വീകരിച്ചു് ജഗന്നാഥത്തു താമസംതുടങ്ങി എന്നും വൈഷ്ണവധൎമ്മപ്രചരണജോലി നിത്യാനന്ദനെ ഏല്പിച്ചിരിക്കുന്നുവെന്നും കേട്ടു. നിത്യാനന്ദൻ ഗംഗാതീരത്തിൽ ഉള്ള ഷഡഹഗ്രാമത്തിനെ കേന്ദ്രമാക്കി നാനാദിക്കിലും സഞ്ചരിച്ചു് നാമസങ്കീൎത്തനംവഴി ബഹുജനങ്ങളുടെഇടയിൽ വൈഷ്ണവധൎമ്മം പ്രചാരംചെയ്തുവന്നു. ഈ കാലത്തു് ഒരു ദിവസം നിത്യാനന്ദൻ പാണിഹാടിഗ്രാമത്തിൽ വന്നപ്പോഠം രഘുനാഥൻ അവിടെ വന്നു അദ്ദേഹത്തിനെ കണ്ടസമയം, അവൻ,

തൈര്, പാൽ, പഞ്ചസാര, പഴം എല്ലാം കൊണ്ടുവന്ന് ദേവതയ്ക്ക് നിവേദിച്ച് അവിടെ വന്നിട്ടുള്ള ഭക്തന്മാൎക്ക് കൊടുക്കുക എന്നാജ്ഞാപിച്ചു. ഇതനുസരിച്ച് രഘുനാഥൻ നിത്യാനന്ദസ്വാമിയുടെ ദൎശനത്തിന് വന്ന അനേകായിരം ഭക്തന്മാൎക്ക് അന്നേദിവസം ഗംഗാതീരത്തിൽവച്ചു ഭോജനം നൽകി. ഉത്സവാവസാനത്തിൽ നിത്യാനന്ദൻ വിടകൊണ്ടപ്പോൾ അദ്ദേഹം ഭാവാവിഷ്ടനായി രഘുനാഥനോടു പറഞ്ഞു. "കാലം പൂൎണ്ണമായി. നീ സംസാരം ത്യജിച്ച് നീലാചലത്തിൽ ശ്രീ മഹാപ്രഭുവിനെ കണ്ടാലും. നിന്റെ ധൎമ്മജീവിതം പൂൎണ്ണമാക്കാൻ നിന്നെ സനാതനഗോസ്വാമിയുടെ അടുക്കൽ ഏല്പിക്കും." അതനുസരിച്ച് രഘുനാഥൻ സംസാരം ത്യജിച്ചു നീലാചലത്തിൽ പോയി. ഈ സംഭവത്തിന്റെ സ്മരണയ്ക്കായി വൈഷ്ണവഭക്തന്മാർ ആണ്ടുതോറും പാണിഹാട്ടിഗ്രാമത്തിൽ ഗംഗാതീരത്തിൽ ഒരു ഉത്സവം നടത്തുന്നു. കാലക്രമേണ ഈ ഉത്സവത്തിന് പാണിഹാട്ടിയിലെ അവൽ മഹോത്സവം എന്ന പേരും ലഭിച്ചു.

ശ്രീരാമകൃഷ്ണദേവൻ ഇതിനുമുമ്പ് പല തവണ ഈ ഉത്സവത്തിൽ ചേൎന്നിരുന്നുവെങ്കിലും ഇംഗ്ലീഷുവിദ്യാഭ്യാസം ലഭിച്ച ശിഷ്യന്മാർ വന്നതിൽ പിന്നീട് പോകാൻ സൌകൎയ്യം ലഭിച്ചില്ല. ഈയാണ്ട് ഭക്തന്മാരോടുകൂടി ഉത്സവം കാണാൻ പോകണമെന്ന ആഗ്രഹം സൂചിപ്പിച്ചു പറഞ്ഞു. "ഈ ദിവസം അവിടെ ആനന്ദോത്സവമാണ്. ഹരിനാമം വില്ക്കുന്ന ചന്തയും അങ്ങാടിയും ആണ്. നിങ്ങൾ "യങ്ബോയിസ്" ഇപ്രകാരം ഉള്ളതൊന്നും കണ്ടിട്ടില്ലല്ലൊ. നമുക്കൊന്നിച്ചുപോയി കാണാം." രാമചന്ദ്രദത്തൻ മുതലായ ഭക്തന്മാൎക്ക് ഇതു കേട്ടിട്ട് ഉത്സാഹം ഉണ്ടായി എങ്കിലും ചിലർ ഭഗവാന്റെ കണ്ഠത്തിലെ വേദനയുടെ കാൎയ്യം ഓൎത്ത് തടസ്ഥം പറഞ്ഞു. "ഇവിടെ നിന്നും നേരത്തെ സ്വല്പം ആഹാരം കഴിച്ചുകൊണ്ടുപോയി ഒന്നുരണ്ടു് മണിക്കൂറ് മാത്രം അവിടെ താമസിച്ചിട്ടു മടങ്ങിവരാം. അതുകൊണ്ട് വലിയ ദോഷം വരാനില്ല. ഭാവസമാധി അധികം ആയാൽ കണ്ഠത്തിലെ ദീനം വൎദ്ധിക്കും. എന്നാൽ ഞാൻ ഒന്നു മനസ്സടക്കി സമാധിവരാതിരിക്കാൻ നോക്കാം. നമുക്കു പോകാം" ഇപ്രകാരം പറഞ്ഞതോടുകൂടി തടസ്ഥക്കാൎക്കും മനസ്സിനു സമാധാനം തോന്നി. ഭക്തന്മാർ യാത്രയ്ക്കുവേണ്ട ഏൎപ്പാടുകൾ ചെയ്തു.

ജ്യേഷ്ഠമാസം ശുക്ലത്രയോദശി ഇന്നാണ്. പാണിഹാടി മഹോത്സവം ഏകദേശം ൨൫ ഭക്തന്മാർ രണ്ടു് വള്ളം വാടകയ്ക്കു എടുത്ത് കാലത്ത് ൯ മണിക്ക് ദക്ഷിണേശ്വരത്തു ഹാജർ. ചിലർ നടന്നും വന്നു. ഭഗവാന്റെ യാത്രയ്ക്കായി വേറെ ഒരു വള്ളം ഏൎപ്പാടുചെയ്തു കടവിൽ കെട്ടിയിരിക്കുന്നു. ചില സ്ത്രീഭക്തകൾ വളരെ നേരത്തെ വന്ന് ശ്രീമാതൃദേവിയെ സഹായിച്ചു എല്ലാപേൎക്കും ആഹാരം നേരത്തെ തയാറാക്കുന്നു. ൧൦ അടിക്കുന്നതിനുമുൻപിൽ എല്ലാപേരും ഊണുകഴിഞ്ഞു തിരിക്കാൻ തയാറായി

# വിവേകാനന്ദമിഷൻെറ പ്രഥമ സമ്മേളനം.

(ചന്ദ്രേശ്വരാനന്ദസ്വാമികളുടെ അഭിഭാഷണം.)

---

പൂജ്യപാദപ്രസിഡൻറ് സ്വാമികൾ*ക്കും ശുഭാകാംക്ഷികളായ സദസ്യൎക്കും വന്ദനം.

ആരുടെ ഇച്ഛാശക്തിപ്രകാരം നാം ഇന്നിവിടെ കൂടിയിരിക്കുന്നുവൊ അദ്ദേഹത്തിൻെറ ഇച്ഛ അനാദിയും അനന്തവുമായ കാലം മുതല്ക്കു ഇപ്രകാരം സഫലമായിക്കൊണ്ടിരിക്കുന്നു. ദുഃഖത്തിലും സുഖത്തിലും, നമുക്കു മനസ്സുണ്ടെങ്കിലും മനസ്സില്ലെങ്കിലും നാം അദ്ദേഹത്തിൻെറ ഇച്ഛയനുസരിക്കാതെ നിവൃത്തിയില്ല. ജനങ്ങളുടെ അഭിനന്ദനാമാല ധരിക്കുമ്പോഴും നിന്ദാസൂചകമായ ചേറ് നെററിയിൽ പാറുമ്പോഴും തേൻ ചൊരിയുന്നതും നമുക്കു മംഗളം വൎഷിക്കുന്നതുമായ ആ വിരാട് ഇച്ഛയിൽ ആത്മസമൎപ്പണംചെയ്യുന്നവരാണ് ധന്യന്മാർ. ഇപ്രകാരം ചെയ്യാതെ സ്വശക്തി മാത്രം കരുതി ജീവിതസംഗ്രാമത്തിൽ ഏതൊരുവൻ യുദ്ധംചെയ്തു ജയം പ്രാപിക്കുകയോ തോല്ക്കുകയൊ ചെയ്യുന്നു അവനും കൃതാൎത്ഥൻ തന്നെ. ഇവ രണ്ടും ശാശ്വതവും ഏകവുമായ ആ ഇച്ഛാശക്തിയുടെ ഒരു നോട്ടത്തിൽ തോന്നുന്ന രണ്ടു വിഭിന്നരൂപങ്ങൾ മാത്രമാണ് എന്നാണ് ഞങ്ങളുടെ വിശ്വാസം. ഈ തത്വം സമ്പൂൎണ്ണമായി ധരിച്ചുകൊണ്ട് ഈ ഇച്ഛാശക്തിയിൽ ആത്മസമൎപ്പണംചെയ്യുന്നതിന് ആവശ്യമുള്ള സഹായവും ധൈൎയ്യവും നമ്മളുടെ ഉള്ളിൽ അദ്ദേഹം ഉണൎത്തട്ടെ. അദ്ദേഹത്തിൻെറ ഇച്ഛയെ നടത്തുന്ന ഒരു യന്ത്രം മാത്രമായി നാം അദ്ദേഹത്തിൻെറ ജോലി ചെയ്യുന്നതിനു എപ്പോൾ കഴിവുള്ളവരാകുമൊ അപ്പോൾ നമ്മൾ അവിടുത്തെ ഇച്ഛാസമുദ്രത്തിലെ തരംഗപരമ്പരയിൽ നീന്തിത്തുള്ളി യാത്രചെയ്യുന്നതിനു സാമൎത്ഥ്യമുള്ളവരായിത്തീരുന്നു.

ഇപ്രകാരം പറയുന്നതിനു കാരണമുണ്ട്. സ്വല്പകാലം മുൻപ് നാം ഈ കാൎയ്യത്തിൻവേണ്ടി ഈ വിധത്തിൽ ഒരു സഭ കൂടേണ്ടിവരുമെന്നു സ്വപ്നത്തിൽക്കൂടി വിചാരിച്ചിരുന്നില്ല. "......കഴിഞ്ഞുപോയ രാത്രി മീണ്ടും വരികയില്ല; വിഗതമായ ഉച്ഛ്വാസം ആ രൂപത്തിൽത്തന്നെ വീണ്ടും പ്രദൎശിതമാകയില്ല; ജീവൻ രണ്ടുപ്രാവശ്യം ഒരേ ദേഹത്തെത്തന്നെ ധരിക്കയില്ല. അതുകൊണ്ട് അതീതന്മാരുടെ പൂജയിൽനിന്നും നിങ്ങളെ പ്രത്യക്ഷമായിരിക്കുന്നവരുടെ പൂജക്കു് വിളിക്കുന്നു. കഴിഞ്ഞുപോയതിനെപ്പററി വ്യസനിക്കുന്നതിൽനിന്നും വൎത്തമാനപ്രയത്നത്തിനു ഞങ്ങൾ നിങ്ങളെ വിളിക്കുന്നു. നഷ്ടമായിപ്പോയ വഴിയെ വീണ്ടും കണ്ടുപിടിക്കുന്നതിന്

---

* ശ്രീമൽ നിൎമ്മലാനന്ദസ്വാമികളാണ് ഈ മിഷൻെറ പ്രസിഡൻറ്.

വൃഥാ ശക്തിക്ഷയംചെയ്യുന്നതിൽനിന്നും സദ്യോനിർമ്മിതവും വിശാലവും സന്നികടവുമായ വഴിയിലേയ്ക്കു വിളിക്കുന്നു." ശ്രീമത് വിവേകാനന്ദസ്വാമികളുടെ ഈ വചനം നമ്മളുടെഇടയിൽ ഇപ്രകാരം ഒരു സംഘമായി സഫലമാകുമെന്നു നമ്മൾ ആരും തന്നെ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല. എന്നാൽ ഭഗവാൻെറ ഇച്ഛകൊണ്ടുതന്നെ അതു് ഇന്നു് വാസ്തവരൂപത്തിൽ കാണാറായി. "നഷ്ടമായ മാർഗ്ഗത്തെ പുനരുദ്ധാരണം ചെയ്യുന്നതിനുവേണ്ടി വൃഥാ ശക്തിക്ഷയംചെയ്യുന്നതിൽനിന്നും സദ്യോനിർമ്മിതവും വിശാലവും സന്നികടവുമായ പന്ഥാവിൽ"—സത്യം, സത്യം, അദ്ദേഹം തന്നെ ഇന്നേദിവസം നമ്മെ നയിക്കുന്നു.

നമ്മളുടെ ഇന്നത്തെ സമ്മേളനം ചരിത്രപ്രസിദ്ധമാകുന്ന ഒരു സംഭവമാണു്. ശ്രീരാമകൃഷ്ണദേവൻെറ ആവിർഭാവവും വിവേകാനന്ദസ്വാമികളുടെ കർമ്മസാധനയും തീർച്ചയായും ചരിത്രപ്രധാനസംഭവങ്ങളാണെങ്കിൽ വിവേകാനന്ദമിഷൻെറ അംഗങ്ങളുടെ ഈ കർമ്മോദ്യമവും തീർച്ചയായും ചരിത്രപ്രസിദ്ധമാകുന്ന ഒരു സംഭവം തന്നെയാണു്. ഇങ്ങിനെ പറയാൻ വേറെ കാരണങ്ങളുമുണ്ടു്. ഇതാ നാം ഒരു മഹാ പരിവർത്തനത്തെ നേരിടുവാൻ പോകുന്നു. ഈ പരിവർത്തനം സഹജവും സ്വാഭാവികവും അനിവാര്യവുമാണു്. വ്യക്തികളുടെ ജീവിതത്തിൽ എന്നതുപോലെ സമഷ്ടിയുടെ ജീവിതത്തിലും പരിവർത്തനം സംഭവിക്കും. സമഷ്ടിജീവിതത്തിൽ ഉണ്ടാകുന്ന പരിവർത്തനം രാഷ്ട്രനൈതികവും സാമാജികവുമാണു്. അതുപോലെ ആദ്ധ്യാത്മികരാജ്യത്തിലും പരിവർത്തനം സംഭവിക്കുന്നു. ഇതാണു് ലോകനിയമം. ക്രിസ്തുവർഷം ൧൫൧൭-ാമാണ്ടു് അക്ടോബർ മാസം ൩൧-ാംനു- പാശ്ചാത്യലോകത്തിൽ സമഷ്ടിഗതമായ ഒരു ആദ്ധ്യാത്മികപരിവർത്തനം സംഭവിച്ചു. അതു് ചരിത്രപ്രസിദ്ധമാണു്. അന്നേദിവസമാണു് * മാർട്ടിൻ ലൂതർ 'Sale of Indulgences' (പാപം നശിച്ചു് സ്വർഗ്ഗത്തിൽ പോകാൻ സഹായിക്കുന്ന ടിക്കററുകൾ വിലയ്ക്കുവില്ക്കുന്ന ഏർപ്പാടു്) നേ പ്രതിഷേധിച്ചു് ജർമ്മനിയിൽ വിററൻബർഗ്സ് നഗരത്തിലെ പള്ളി വാതലിൽ തൻെറ ൯൫ ആക്ഷേപങ്ങളെ ആണിതറച്ചു തൂക്കി പ്രസിദ്ധപ്പെടുത്തിയതു്. അതിൻെറ ഫലമായി ഒരു കൂട്ടർ ആ മഹാനെ മതദ്രോഹിയെന്നും ഈശ്വരവിശ്വാസമില്ലാത്തവനെന്നും കൊട്ടിഘോഷിച്ചു. അവർ പറഞ്ഞതു്—പോപ്പും ബിഷപ്പും ദൈവത്തിൻെറ പ്രതിനിധികൾ; അവരുടെ കല്പനകളും ധർമ്മസംഘ (Church) ത്തിൽനിന്നും വരുന്ന ഉത്തരവുകളും ദൈവത്തിൻെറ കല്പനകൾതന്നെ;

* പ്രോട്ടസ്റ്റൻറ മതം സ്ഥാപിച്ച മഹാനായ ഒരു ക്രിസ്ത്യ സന്യാസി (ജർമ്മൻ). അക്കാലത്തുണ്ടായിരുന്ന മാർപ്പാപ്പ സകല പാപത്തിനും ഉതകുന്ന പാപമോചനടിക്കററുകൾ ഏർപ്പെടുത്തി. പലേടത്തും ഇവയെ വിററു റോമയിൽ പള്ളി പണിയിക്കുന്നതിനായി അനവധി പണം ശേഖരിച്ചുവന്നു.

അവയെ അവമാനിക്കുന്നതു് ദൈവത്തെതന്നെ അവമാനിക്കയാണു്. മാർട്ടിൻ ലൂതറിൻെറ പക്ഷക്കാർ ഉത്തരമായി ഇപ്രകാരം പറഞ്ഞു—മുൻകാലങ്ങളിലുണ്ടായിരുന്ന ക്രിസ്തീയസന്യാസിമാരുടെ ജീവിതം വളരെ ഉയൎന്നതും പവിത്രവുമായിരുന്നു; അതുകൊണ്ടു് അവരുടെ ഉത്തരവുകൾ ദൈവകല്പനയായി മാനിച്ചുവന്നു; ഇക്കാലത്തെ പോപ്പിൻേറയും സഹകാരികളുടേയും ജീവിതം സാധാരണ ജനങ്ങളുടെ ജീവിതത്തിൽനിന്നും ഒട്ടും ഉയൎന്ന തരത്തിലുള്ളതല്ലാതിരിക്കുന്ന സ്ഥിതിക്കു് ഇവരുടെ ഉത്തരവുകളെ ദൈവകല്പന എന്നു എങ്ങിനെ വിശ്വസിക്കാം. ഇവരുടെ ഉത്തരവുകൾ ദൈവകല്പനയാണെങ്കിൽ പണ്ടുണ്ടായിരുന്ന ക്രിസ്തീയാചാൎയ്യന്മാരുടെ ഉത്തരവുകളോടു് ഇവരുടെ ഉത്തരവുകൾക്കു് മൂലതത്വങ്ങളിലും ആദൎശങ്ങളിലും ഐകരൂപ്യം കാണാതിരിക്കുന്നതിനു കാരണമെന്തു്? ഇപ്പോഴത്തെ സാധാരണ ജനങ്ങൾ അവരുടെ സഹജമായ ബുദ്ധിയും സ്വഭാവമനുസരിച്ചുള്ള മനോവൃത്തിയും ആശ്രയിച്ചു ചെയ്യുന്ന കാൎയ്യങ്ങൾതന്നെയാണു് ഇപ്പോഴത്തെ മാപ്പാപ്പായും ചെയ്യുകൊണ്ടു് ദൈവമാണെന്നുപറഞ്ഞു അധികാരം സ്ഥാപിക്കുന്നതു്. ഇതു ശരിയാണെങ്കിൽ നമ്മുടെ വാക്കുകളും കല്പനകളാണെന്നു വിചാരിക്കുവാൻ പാടില്ലേ? ഈ ചോദ്യത്തിനുത്തരം ഈ നാൾവരെ കത്തോലിക്കസംഘത്തിൽനിന്നും പ്രോട്ടസ്റ്റൻറുകാൎക്കു് ലഭിച്ചിട്ടില്ല. ഇതു് ഇന്നും ഉത്തരം കാത്തുനില്ക്കയാണു്. ആചാൎയ്യശ്രേഷ്ഠന്മാരുടെ നിൎയ്യാണത്തിനുശേഷം മതവിഷയങ്ങളിൽ ഒരു പ്രതിനിധിയുടെയോ അനേകം പ്രതിനിധികളുടെയൊ കല്പന അഥവാ ചുരുക്കത്തിൽ സംഘത്തിൻെറ കല്പനസംബന്ധിച്ചു ഏതെങ്കിലും സംശയമുണ്ടാകുമ്പോൾ പ്രോട്ടസ്റ്റൻറുകാൎക്കും മേലാൽ വരുന്ന സകല ജിജ്ഞാസുക്കൾക്കും ഈ ഒററച്ചോദ്യം ചോദിച്ചാൽ മതി. ഈ ചോദ്യത്തിനു ശരിയായ ഉത്തരം ഇതുവരെ ഉണ്ടായിട്ടില്ല. ഈ ഉത്തരത്തെപ്പററിയുള്ള ആലോചനയുടെ സിദ്ധാന്തം ചിരകാലത്തേയ്ക്കു സ്ഥാപിതമല്ലാതെതന്നെ ഇരിക്കും. ഒരു കൂട്ടം ജനങ്ങൾ ഇപ്പോഴും മുൻ പറഞ്ഞവിധത്തിലുള്ള അവകാശം വാദിക്കുന്നതു് യുക്തിവിരുദ്ധമായിത്തന്നെയെ വിചാരിക്കപ്പെടുകയുള്ളു.

മതവിഷയത്തിൽ ഒരു ഭാഗത്തു് വിശ്വാസത്തിനും അനുസരണത്തിനും പ്രാധാന്യമുള്ളതുപോലെ മറുഭാഗത്തു യുക്തിക്കും വിചാരത്തിനും സ്ഥാനമുണ്ടു്. എന്നാൽ ഇവ ഓരോന്നിൻേറയും അതിരു എത്രത്തോളം പോകുന്നു? ശ്രീമത് വിവേകാനന്ദസ്വാമികൾ ഈ സീമയെസംബന്ധിച്ചു് സംക്ഷിപ്തമായി സമാധാനം പറഞ്ഞിട്ടുണ്ടു്. അദ്ദേഹം പറയുന്നു:—"ഭക്തിയും ശ്രദ്ധയും ഒരു കാൎയ്യം; വല്ലവരും പറയുന്നതെല്ലാം തക്കിച്ചു യുക്തിപൂൎവ്വമാലോചിക്കാതെ—വിചാരംചെയ്യാതെ— വിശ്ലേഷണംചെയ്യാതെ, വിഴുങ്ങുന്നതു വേറെ ഒരു കാൎയ്യം."

ആജ്ഞാനുസരണം ധർമ്മജീവിതത്തിൽ എത്രമാത്രം ഇഷ്ടകരമാണൊ അത്രമാത്രംതന്നെ അനിഷ്ടകരവുമാണ്. ആജ്ഞാനുസരണത്തിനോടുകൂടി മനുഷ്യക്ക് വിചാരബുദ്ധികൂടി ഇല്ലെങ്കിൽ, അതായത് നമുക്കു ലഭിക്കുന്ന ആദേശം വാസ്തവത്തിൽ ഈശ്വരസാക്ഷാൽക്കാരം ലഭിച്ചയാളിൽ നിന്നും വരുന്നുവൊ എന്നു സൂക്ഷ്മമായി ആലോചിക്കുന്നില്ലെങ്കിൽ മുൻപറഞ്ഞ ദോഷംകൂടി ഉണ്ട്. ഇപ്രകാരം ഈശ്വരദർശനമുള്ളയാൾ ലോകത്തിലെ സർവ്വവിഷയങ്ങളിലും നിപുണനായിരിക്കണമെന്നും ഒരു നിർബ്ബന്ധമില്ല. ചുരുക്കത്തിൽ ധർമ്മജീവിതത്തിൽ വിശ്വാസവും ആജ്ഞാനുസരണത്തോടുകൂടി വിചാരബുദ്ധിയും ഇല്ലെങ്കിൽ ഈശ്വരലാഭത്തിനുള്ള പന്ഥാവിൽക്കൂടി മുമ്പോട്ടു പോകുന്നതിൽ ആപത്തു സംഭവിക്കുന്നു. ഈ വിഷയത്തിൽ ശ്രീ ശാരദാനന്ദസ്വാമികൾ പറയുന്നതു വിശിഷ്യ ശ്രദ്ധേയമാണ്. അദ്ദേഹം പറയുന്നു:—"വിശ്വാസംകൂടാതെ ധർമ്മമാർഗ്ഗത്തിൽ മുമ്പോട്ടു പോകുവാൻ നിവൃത്തിയില്ല എന്ന ഈ നിയമം തെററിധരിച്ച് നമ്മുടെ കൂട്ടത്തിൽ ചിലർ നൂതനമായ (സാധനയിലെ) അനുരാഗത്തിൻെറ പ്രേരണമൂലം ആരെങ്കിലും എന്തെങ്കിലും പറയുന്നതു കേട്ടു ഉടൻ വിശ്വസിക്കുന്നതിനു സദാ തയ്യാറായിരുന്നു. ശ്രീരാമകൃഷ്ണദേവൻെറ തീക്ഷ്ണദൃഷ്ടി ഇപ്രകാരമുള്ളവരുടെ നേക്കു വീണാൽ ഉടൻതന്നെ ഈ വിഷയത്തിൽ വേണ്ട സൂക്ഷ്മത്തോടുകൂടിയിരിക്കുവാൻ അവരെ ഉപദേശിക്കുമായിരുന്നു. വാസ്തവത്തിൽ വിശ്വാസത്തെ അവലംബിച്ചു ധർമ്മമാർഗ്ഗത്തിൽ മുമ്പോട്ടു പോകാമെന്നു അദ്ദേഹം പറഞ്ഞിട്ടുണ്ടെങ്കിലും ആരോടും ഒരിക്കലും സദസദ്വിചാരം ത്യജിക്കണമെന്നു പറഞ്ഞിട്ടില്ല. സദസദ്വിചാരശീലം സമ്പാദിച്ചിട്ടു ധർമ്മമാർഗ്ഗത്തിൽ മുമ്പോട്ടു പോകണം; ഗുണദോഷത്തെപ്പററി ആലോചിക്കാതെ ഒരിക്കലും സംസാരത്തിലുള്ള ഒരു പ്രവൃത്തിയും ചെയ്യാൻ ശ്രമിക്കരുത്"—ഇതാണ് അദ്ദേഹത്തിൻെറ അഭിപ്രായമായി ഞങ്ങൾ ധരിച്ചിരിക്കുന്നത്.

ഒന്നുകൂടി ആലോചിക്കേണ്ടതു് ഇപ്പോൾ ആവശ്യമാണ്. എല്ലാ സ്ഥാപനങ്ങളുടേയും സൃഷ്ടിക്കും സ്ഥിതിക്കുംവേണ്ടിയും അവയുടെ ഘടനയും വളച്ചയും ഉദ്ദേശിച്ചും ഏതാനും നിയമങ്ങൾ ഏർപ്പെടുത്തേണ്ട ആവശ്യമുണ്ട്. ഈ നിയമങ്ങൾകൊണ്ടു് സ്ഥാപനത്തിൻെറ ഉന്നതിയോടൊപ്പം തന്നെ അതിലെ അംഗങ്ങൾ ഓരോരുത്തരുടേയും ജീവിതത്തിൽ എന്തെല്ലാം ഫലം ജനിപ്പിക്കുന്നു എന്നുംകൂടി നാം നോക്കണം. കാരണം, മനുഷ്യരുടെ ചൈതന്യമയജീവനെക്കാളും യന്ത്രംപോലെയിരിക്കുന്ന സ്ഥാപനം ഒരിക്കലും ശ്രേഷ്ഠമല്ല. വ്യക്തിജീവിതത്തിലും സമഷ്ടിജീവിതത്തിലും സ്ഥാപനങ്ങൾ ചില നന്മചെയ്യുന്നു. സ്ഥാപനങ്ങളുടെ സഫലതയും നിഷ്ഫലതയും ഇതിനെ ആശ്രയിച്ചാണിരിക്കുന്നത്. നിയമങ്ങൾ അനുസരിച്ചുള്ള ഘടന അനുസരിക്കുന്നതായാൽ വ്യക്തിജീവിതം നിയമബദ്ധമായി നയി

ക്കപ്പെടുകയും അപ്പോൾ സമഷ്ടിജീവിതത്തിൽ വലിയ വലിയ കാര്യങ്ങൾക്ക് കഴിവുണ്ടാകുകയും ചെയ്യുന്നു. എന്നാൽ അതോടുകൂടി ഈ സംഗതികൂടി ഓർക്കേണ്ടതാണ് — അംഗങ്ങളായ ഓരോ വ്യക്തികളുടെയും ജീവിതം സ്ഥാപനംപോലെ മറെറാരു യന്ത്രമായി പരിണമിക്കരുത്. ഈ കാര്യത്തിൽ വിവേകാനന്ദസ്വാമികളുടെ അഭിപ്രായം ഇവിടെ ഉദ്ധരിക്കുന്നു. ക്രി. വ. ൧൮൯൭ ഡിസമ്പർ ൨൫-ാംനു ദേവഘർ നഗരത്തിൽ നിന്നും ഒരു ശിഷ്യനു അയച്ച എഴുത്തിൽ വ്യക്തിജീവിതത്തിലും സമഷ്ടിജീവിതത്തിലും സാമുദായികനിയമങ്ങൾ ഉണ്ടാക്കുന്ന ഗുണദോഷങ്ങളെപ്പററി വിസ്തരിച്ചാലോചിച്ചിട്ടുണ്ട്. ഈ കത്തിൽ അടങ്ങിയിരിക്കുന്ന സത്യം സർവ്വസ്ഥാപനങ്ങൾക്കും സംഘങ്ങൾക്കും സമ്പ്രദായങ്ങൾക്കും അവയുടെ നിയമങ്ങളെ സംബന്ധിച്ചിടത്തോളം ഉപയോഗിക്കാവുന്നതാണ്. ആ മഹാൻ എഴുതുന്നു:—"വ്യഷ്ടിയിലുൾപ്പെട്ട ഓരോ അംഗത്തിനും സ്വാതന്ത്ര്യമുണ്ടോ? ഉണ്ടെങ്കിൽ എത്രത്തോളം സ്വാതന്ത്ര്യം കൊടുക്കുന്നതു് ഉചിതം. സമഷ്ടിക്കുവേണ്ടി തൻെറ ഇഛ, തൻെറ സുഖം ഇവ സമ്പൂർണ്ണമായി ത്യജിക്കേണ്ടതാവശ്യമല്ലയോ? ഇപ്രകാരമുള്ള ചോദ്യങ്ങൾ സമുദായത്തിൻെറ അനാദികാലം മുതൽക്കെയുള്ള ആലോചനയ്ക്കു വിഷയമായിട്ടുണ്ട്. ഈ ചോദ്യങ്ങൾക്ക് സിദ്ധാന്തം (തീർച്ചയായ അഭിപ്രായം) പറയുന്നതിനു എല്ലാ സമുദായവും പരിഭ്രമിക്കുന്നു. ആധുനിക പാശ്ചാത്യസമുദായങ്ങളിൽ ഈ ചോദ്യങ്ങൾ പ്രബലതരംഗങ്ങളായി ഉയർന്നുവരുന്നുണ്ട്. വ്യക്തിയുടെ സ്വാതന്ത്ര്യം സമുദായത്തിൻെറ പ്രഭുത്വത്തിനുവേണ്ടി ബലികഴിക്കണമെന്ന മത (അഭിപ്രായ) ത്തിനു ഇംഗ്ലീഷിൽ Socialism (സോഷ്യലിസം) എന്നു പറയുന്നു. ഇതിന്നെതിരായി വ്യക്തിത്വത്തിനു പ്രഭുത്വം കൊടുക്കണം എന്ന മതത്തിനു Individualism (ഇൻഡിവിഡുവലിസം) എന്നും പറയുന്നു."

"സമുദായത്തിൻെറ കീഴിൽ ഓരോ വ്യക്തിയും നിയമത്തിൻേറയും വിദ്യാഭ്യാസത്തിൻേറയും ശാസനമൂലം വളരെക്കാലം ദാസത്വം പ്രാപിപ്പിച്ച് ബലമായി ആത്മത്യാഗംചെയ്യിക്കപ്പെട്ടാൽ അതിൻെറ ഫലവും അവസാനവും എന്താണെന്നുള്ളതിനു നമ്മുടെ മാതൃഭൂമിതന്നെ ജ്വലിക്കുന്ന ഒരു ദൃഷ്ടാന്തമാണ്. നമ്മുടെ ദേശത്തു ജനങ്ങൾ ശാസ്ത്രോക്തനിയമമനുസരിച്ചു ജനിക്കുന്നു. ആജീവനം ആഹാരാദികൾ ശാസ്ത്രനിയമമനുസരിച്ചു കഴിക്കുന്നു. വിവാഹം മുതലായതുകളും അപ്രകാരംതന്നെ. മരണസമയത്തുകൂടിയും സകല ജനങ്ങളും ശാസ്ത്രോക്തനിയമമനുസരിച്ചു പ്രാണത്യാഗംചെയ്യുന്നു. ഈ കഠിനമായ അഭ്യാസത്തിൽ ഒരു മഹൽഗുണമുണ്ട്. ശേഷമെല്ലാം ദോഷംതന്നെ. ഗുണം ഇതാണ്. രണ്ടുമൂന്നു കാര്യങ്ങൾ അസംഖ്യം തലമുറയായി ദിനംതോറം അഭ്യസിച്ചിട്ടുള്ളതുകൊണ്ട് ഒട്ടും പ്രയാസംകൂടാതെ വളരെ മനോഹരമായവിധത്തിൽ ചെയ്യാൻ കഴിയും.

മൂന്നു കഷണം മൺകട്ട, കുറച്ചു വിറകുകഷണം ഇവകൊണ്ടു് ഇത്ര സ്വാദുള്ള അന്നങ്ങളും കറികളും തയ്യാറാക്കുന്ന പാചകവിദ്യ മററാരു രാജ്യത്തിലുമില്ല.........ഒരു കീറിയ പായ്, ഒരു മൺവിളക്കു്, ഒഴിക്കാൻ വിളക്കെണ്ണ ഈ ഉപകരണങ്ങളുടെ സഹായംകൊണ്ടു് ദിഗ്ഗജതുല്യന്മാരായ പണ്ഡിതന്മാർ ഈ ദേശത്തിൽ മാത്രമെ ഉള്ളൂ.........ഇതെല്ലാമാണ് ഗുണം. എന്നാൽ ഇവയെല്ലാം മനുഷ്യനെ ജീവനില്ലാത്ത യന്ത്രമാക്കിത്തീർക്കുന്നു. ഇവകൊണ്ടു് മനോവൃത്തി തന്നിയേ വികസിക്കുന്നില്ല. ഹൃദയത്തിൽ ഉന്മേഷം ജനിക്കുന്നില്ല. പ്രാണനു് ചലനം ഇല്ല. ആശയുടെ തരംഗംവരുന്നില്ല. ആഗ്രഹത്തിൻെറ പ്രബലമായ ഉണർച്ച ഉണ്ടാകുന്നില്ല. തീവ്രമായ സുഖാനുഭവം ഇല്ല. ഭയങ്കരമായ ദുഃഖം സ്പർശിക്കുന്നില്ല. സങ്കല്പശക്തിയുടെ ഉദ്ദീപനം ഒരിക്കലും ഉണ്ടാകുന്നില്ല. നൂതനപദാർത്ഥങ്ങൾ ഒന്നിനോടും ആദരവില്ല. ഇപ്രകാരമുള്ളവരുടെ ഹൃദയാകാശത്തിൽനിന്നും മേഘം ഒരിക്കലും മാറുന്നില്ല. സൂര്യോദയത്തിലെ ജ്വലിക്കുന്ന സൂര്യബിംബം ഒരിക്കലും അവരുടെ മനസ്സിനെ ആഹ്ലാദിപ്പിക്കുന്നില്ല. ഇപ്പോഴത്തെ അവസ്ഥയിൽനിന്നും ഉൽകൃഷ്ടമായി വല്ലതും ഉണ്ടോ എന്ന ചിന്ത അവരുടെ മനസ്സിൽ ഉദിക്കുന്നതേ ഇല്ല. മനസ്സിൽ തോന്നിയാലും അതിൽ വിശ്വാസം ജനിച്ചാലും അതിലേയ്ക്കു ഉദ്യമിക്കുന്നില്ല. ഉദ്യമിക്കാൻ ഭാവിച്ചാലും ഉത്സാഹം ഇല്ലാത്തതുകൊണ്ടു് ഉദ്യമം പ്രവൃത്തിയിൽ വരാതെ മനസ്സിൽ തന്നെ അന്തർലീനമാകുന്നു."

"നിയമം അനുസരിച്ചു നടക്കുന്നതു് നന്നാണെങ്കിൽ, അനേക തലമുറ നടന്ന രീതിനീതിയുടെ സമ്പൂർണ്ണ അനുസരണമാണു് ധർമ്മമെങ്കിൽ, വൃക്ഷങ്ങളേക്കാളും ധാർമ്മികന്മാർ ആരുണ്ടു്? പറയുക! റെയിൽ വണ്ടിയെക്കാളും ഭക്തനായ സന്യാസി എവിടെയുണ്ടു്? പാറക്കൂട്ടം പ്രകൃതിയുടെ നിയമം ലംഘിക്കുന്നതു് ആരെങ്കിലും കാണുന്നുണ്ടോ? പശുവും പോത്തും പാപംചെയ്യുന്നതു കണ്ടിട്ടുണ്ടോ?

"അത്യന്തം പ്രകാണ്ഡമായ ആവിക്കപ്പൽ, മഹാബലവത്തായ റെയിൽവെ എഞ്ചിൻ ഇവയെല്ലാം ജഡമാണു്; നടക്കുന്നു, തിരിയുന്നു, ഓടുന്നു; എങ്കിലും ജഡമാണു്. എന്നാൽ ഒരു ചെറിയ പുഴുവും സ്വരക്ഷയ്ക്കുവേണ്ടി റയിൽ വഴിയിൽനിന്നും ഇഴഞ്ഞു മാറുന്നു. ഇതു് എങ്ങിനെയാണു് ചൈതന്യശാലിയായതു്? യന്ത്രത്തിൽ ഇച്ഛാശക്തിയുടെ വികാസമില്ല. യന്ത്രം ഒരിക്കലും നിയമത്തിനെ അതിക്രമിക്കുന്നില്ല; പുഴുവിനു നിയമം ലംഘിക്കാൻ കഴിയുമെങ്കിലും കഴിയുകയില്ലെങ്കിലും എതിർക്കാൻ കഴിയും. അതാണു് അതിനു ചൈതന്യമുള്ളതു്. ഇപ്രകാരമുള്ള ഇച്ഛാശക്തിക്കു് എവിടെ എത്രത്തോളം സഫലമായ വികാസമുണ്ടാകുന്നു, അവിടെ സുഖം അത്രത്തോളം അധികം; ആ ജീവൻ അത്രത്തോളം

വലിയതു്. ഈശ്വരന്റെ ഇച്ഛാശക്തിക്കു് സമ്പൂൎണ്ണഭാവത്തിൽ സഫലതയുണ്ടു്. അതുകൊണ്ടു് ഈശ്വരൻ സൎവ്വോച്ചൻ."

"വിദ്യാഭ്യാസം എന്നാൽ എന്താണു്? പുസ്തകം വായിക്കുന്നതൊ? അല്ല. നാനാവിഷയങ്ങളിൽ അറിവു സമ്പാദിക്കുന്നതൊ? അതും അല്ല. ഏതു് അഭ്യാസംവഴി നമ്മുടെ ഇച്ഛാശക്തിയുടെ വേഗവും വികാസവും നമുക്കു് സമ്പൂൎണ്ണഭാവത്തിൽ അധീനമായി നമ്മുടെ ആഗ്രഹങ്ങളെ സഫലമാക്കുന്നു, അതാണു് വിദ്യാഭ്യാസം; ഇതു് മനസ്സിലാക്കിയാലും— ഏതു് അഭ്യാസത്തിന്റെ ഫലമായി ഈ ഇച്ഛാശക്തി ഓരോരോ തലമുറപോകുന്തോറും ബലം പ്രയോഗിച്ചു തടഞ്ഞു തടഞ്ഞു ഇപ്പോൾ മിക്കവാറും ലോപം വന്നിരിക്കുന്നു, ഏതു് അഭ്യാസത്തിന്റെ ശാസനകൊണ്ടു്—നൂതനഭാവങ്ങളുടെ കാൎയ്യം ദൂരെ പോകട്ടെ—പുരാതനഭാവങ്ങൾകൂടി ഓരോന്നായി അന്തൎദ്ധാനംചെയ്യുന്നു, ഏതു് അഭ്യാസം മനുഷ്യനെ ക്രമേണ യന്ത്രംപോലെയാക്കിത്തീൎക്കുന്നു, ഈ അഭ്യാസത്തിനു വിദ്യാഭ്യാസം എന്നു് പേർ പറയാമൊ? മററുള്ളവർ ഓടിക്കുന്ന യന്ത്രംപോലെ നന്നാകുന്നതിനെക്കാൾ തന്റെ സ്വശക്തികൊണ്ടു്—തന്റെ സ്വന്ത ചൈതന്യശക്തികൊണ്ടു്—ചീത്തയാകുന്നതാണു് കുറെക്കൂടി മംഗളകരം എന്നു് എനിക്കു തോന്നുന്നു..........ഞാൻ പറയുന്നതു് ബന്ധനം എല്ലാം അഴിച്ചു വിടുവിൻ! ജീവന്റെ ബന്ധനം അഴിക്കുവിൻ!! കഴിയുന്നിടത്തോളം ബന്ധനങ്ങൾ മാററുവിൻ!!! ചെളികൊണ്ടാണോ ചെളി കഴുകുന്നതു്? ബന്ധനം കൊണ്ടു ബന്ധനം നീങ്ങുമോ? ആരുടെ ബന്ധനം നീങ്ങീട്ടുണ്ടു്?"

ക്രിസ്തുവൎഷം ൧൮൯൫-ലെ ശരൽക്കാലത്തിലും അടുത്ത ജനവരി ൨൩൹ ൧൮൯൬-യിലും എഴുതിയിട്ടുള്ള രണ്ടെഴുത്തുകളിൽനിന്നും സ്വാമികളുടെ മനോഭാവവും പ്രയോഗപദ്ധതിയും നമുക്കു മനസ്സിലാക്കാൻ കഴിയും. അതിൽ ഇപ്രകാരമെഴുതിയിട്ടുണ്ടു്:—"വ്യക്തിത്വത്തിന്റെ വികാസമാണു് നമ്മുടെ മുഖ്യ ഉദ്ദേശം. ഓരോ വ്യക്തിക്കും വേണ്ട പരിശീലനം നൾകുകയല്ലാതെ അതിൽ കവിഞ്ഞ വലിയ ആകാംക്ഷ ഒന്നും എനിക്കില്ല...... ചിന്തയ്ക്കും പ്രവൃത്തിക്കും ഉള്ള പൂൎണ്ണ സ്വാതന്ത്ര്യംതന്നെയാണു് ജീവിതം; സകലവിധമായ സുഖത്തിനും സ്വച്ഛന്ദതയ്ക്കും സഹായം അതുതന്നെയാണു്. എവിടെയാണൊ ഈ സ്വാതന്ത്ര്യം ഇല്ലാത്തതു് അവിടത്തെ ജനങ്ങളും സമാജവും തീൎച്ചയായും താഴകതന്നെ ചെയ്യും. ഏതെങ്കിലും വ്യക്തിയൊ വൎഗ്ഗമൊ ജാതിയൊ സമുദായമൊ പൊതുവെ ഉപദ്രവകരമല്ലാത്ത വ്യക്തിഗതമായ ചിന്താസ്വാതന്ത്ര്യത്തേയൊ പ്രവൃത്തി സ്വാതന്ത്ര്യത്തേയൊ തടയുന്നതായാൽ അതു് വളരെ അന്യായവും നിന്ദ്യവുമാണെന്നു മാത്രമല്ല ഇപ്രകാരം ചെയ്യുന്നവരുടെ പതനവും അവശ്യം ഭാവിയാണു്.

സഹപ്രവൎത്തകന്മാരെ! ഒരു വലിയ ഭാരമേറിയ ചുമതലയാണ് നിങ്ങൾ ഏറ്റിരിക്കുന്നത്. 'ആത്മനോമോക്ഷാൎത്ഥം ജഗദ്ധിതായച' എന്ന മഹാമന്ത്രത്താൽ ഉൽബുദ്ധന്മാരായി ശ്രീമത് വിവേകാനന്ദസ്വാമികളുടെ നാമത്തിൽ പ്രവൎത്തിചെയ്യുന്നതിനായി നിങ്ങൾ ഒരു സംഘവും, അതിൻെറ നിയന്ത്രണത്തിനുവേണ്ടി ഏതാനും നിയമങ്ങളും നിൎമ്മിച്ചുകഴിഞ്ഞു. അനേകം ജനങ്ങളുമായി നിങ്ങൾക്ക് ഏൎപ്പെടേണ്ടതായിട്ടുണ്ട്; വളരെ അധികമാളുകളെ നിങ്ങൾ നയിക്കുകയും വേണം; അതുകൊണ്ട് പ്രവൃത്തിയുടെ പ്രാരംഭത്തിൽതന്നെ ശ്രീസ്വാമികൾ സൂക്ഷിച്ചുകൊള്ളുവാൻ പറഞ്ഞിട്ടുള്ള സംഗതി നല്ലവണ്ണം ശ്രദ്ധിച്ചിരിക്കേണ്ടതാണ്. സമ്പത്തിലും ആപത്തിലും അനുകൂലമൊ പ്രതികൂലമൊ ആയ അവസ്ഥയിലും സ്വാമികളുടെ ആദൎശത്തിൽനിന്നും ഈ സംഘം അണമാത്രംപോലും വ്യതിചലിക്കാതിരിക്കുന്നുവോ എന്നുകൂടി നിങ്ങൾ ശ്രദ്ധിക്കണം.

സഹോദരരെ! ഞാൻ ഇന്നേദിവസം അകപടമായി നിങ്ങളോടു പറയുന്നത് എന്തെന്നാൽ ഈ സംഘം നിങ്ങളുടെ അസ്ഥിശോണിതങ്ങൾകൊണ്ട് നിങ്ങൾ സൃഷ്ടിക്കുന്നു എന്നാണ്; എങ്കിലും ശ്രീ ഭഗവാൻ നിങ്ങളെ യന്ത്രമായി കല്പിച്ച് എന്തു ചെയ്യിക്കുന്നുവൊ അത് സത്യസ്വരൂപനായ ആ 'ഈശ്വര'നെക്കാൾ നിങ്ങൾക്ക് ഒരിക്കലും പ്രിയതരമാകുവാൻ തരമില്ല. ആ സത്യത്തിനുവേണ്ടി, ആവശ്യം നേരിടുന്നപക്ഷം നിങ്ങളുടെ കൈകൾകൊണ്ടുതന്നെ നിൎമ്മിച്ചിട്ടുള്ള ശതസഹസ്രം ഈ മാതിരി സംഘങ്ങളെ നിങ്ങളുടെ കൈകൊണ്ടുതന്നെ അടിച്ചുടയ്ക്കുന്നതിനും സന്നദ്ധന്മാരായിരിക്കണം. അതിലും നിങ്ങൾ സമൎത്ഥന്മാരാണെങ്കിൽ മാത്രമെ സത്യദൎശിയും മായാവിമുക്തനുമായ ശ്രീമദ്വിവേകാനന്ദസ്വാമികളുടെ വിജയക്കൊടി വഹിക്കുന്നതിനു നിങ്ങൾ യോഗ്യന്മാരായ അധികാരികളാവുകയുള്ളു.

മാന്യസദസ്യരെ! ഇനിയും, ഏറെക്കുറെ നാല്പതുവൎഷക്കാലത്തെ അഭിജ്ഞതയും അനുഭവവും സമ്പാദിച്ചിട്ടുള്ള ധൎമ്മവീരനും കൎമ്മവീരനുമായ ആചാൎയ്യൻെറ സന്ദേശം എന്താണെന്നു നിങ്ങളെ കേൾപ്പിക്കാം. അദ്ദേഹം നമ്മളുടെ നേതാവായ പരമപൂജ്യപാദ ശ്രീമത് ശാരദാനന്ദസ്വാമികളാണ്. ഏതാനും വൎഷങ്ങൾക്കുമുമ്പ് ദീൎഘദൎശിയായ ഈ ആചാൎയ്യദേവൻ ശ്രീരാമകൃഷ്ണമഠത്തിൻെറയും മിഷൻെറയും സമ്മേളനാവസരത്തിൽ സഹപ്രവൎത്തകന്മാരോടു പറഞ്ഞിട്ടുള്ളതു സശ്രദ്ധം ഗ്രഹിക്കുന്നതായാൽ കൎമ്മജീവിതത്തിൽ സൎവ്വദാ അതു നമുക്ക് ദീപസ്തംഭംപോലെ വഴികാട്ടിത്തരുന്നതാണ്. അദ്ദേഹം പറഞ്ഞു "......എന്നാൽ ഇതിലുപരിയായ മഹൽകൃത്യങ്ങൾ അനവധി ഇനിമേലും നിൎവ്വഹിക്കുവാനുണ്ട്. യഥാകാലം ശ്രീരാമകൃഷ്ണവിവേകാനന്ദന്മാർ തന്നെ അവ നിറവേററിക്കൊള്ളും. യഥാൎത്ഥവും മഹനീയവുമായ സൎവ്വപുണ്യവിഷയങ്ങളിലും അവ

ക്കുള്ള കാൎയ്യഗൌരവം, പവിത്രത, ത്യാഗം, ഈശ്വരപ്രണിധാനം മുതലായ ഗുണങ്ങൾ നിങ്ങളും അവരോടൊപ്പം പരിപാലിക്കുകയും, ഗൎവ്വംവിനാ വിനീതമാനസന്മാരായി ഈവണ്ണം ഭാവിയിലും നിങ്ങൾ അവരെ അനുസരിച്ചു വൎത്തിക്കുകയും ചെയ്യുന്നപക്ഷം നിങ്ങളിൽക്കൂടി അവർ ഇനിയും പ്രവൎത്തിക്കുന്നതായിരിക്കും. മററന്യ മനഃസ്ഥിതിയോടെ നാം അവരുടെ കൃത്യത്തിൽ ഉദ്യുക്തരാകുകയൊ ഇത്രത്തോളം പ്രവൎത്തിച്ചതിനു നാം നിയുക്തരായതോൎത്തു അഹങ്കാരത്തിനു വശംവദരാകുകയൊ ചെയ്യുന്നതായാൽ, നമ്മുടെ സ്ഥാനത്തു അന്യന്മാർ നിയമിക്കപ്പെട്ടു് നാം അത്യന്തം മനഃസ്ഥാപപ്പെടേണ്ടതായും വരും. തങ്ങളുടെ നാഥനേയും, ദൈവത്തിനു തന്റെ ഇഷ്ടജനങ്ങളെ കല്ലിലും മുള്ളിലും നിന്നും നിൎമ്മിക്കുന്നതിനു കഴിയുമെന്നുള്ള അദ്ദേഹത്തിന്റെ വചനത്തേയും വിഗണിച്ചു് അഹങ്കാരപ്രമത്തന്മാരായി തങ്ങളുടെ സ്ഥാനം എത്രയും ശാശ്വതമെന്നഭിമാനിച്ച യഹോവായുടെ പ്രിയജനമായിരുന്ന ഇസ്രായേൽകാൎക്കു നേരിട്ട പതനവും നല്ലവണ്ണം ഓൎമ്മിക്കണം. ഒരു കാലത്തു് ഭാരതത്തിൽ എത്രയും പ്രാബല്യമായി വൎത്തിച്ചിട്ടുള്ള നമ്മുടെ ചില സംഘങ്ങൾക്കു നേരിട്ട കഷ്ടാവസ്ഥയെപ്പററിയുള്ള ചരിത്രരേഖകളും ഓൎമ്മിക്കുവിൻ”

“ഇക്കഴിഞ്ഞ ഒരു കാൽ ശതാബ്ദത്തിനുള്ളിൽ നമ്മുടെ മിഷനു സിദ്ധിച്ചിരിക്കുന്ന ഇന്നത്തെ വ്യാപ്തി എത്രയും അത്ഭുതാവഹമായിത്തന്നെ ഇരിക്കുന്നു. അതിനാൽ പ്രാരംഭദശയിൽ നമ്മെ അനുപ്രാണനംചെയ്ത ആദൎശപ്രേമവും തീവ്രവൈരാഗ്യവും സ്വല്പമെങ്കിലും കുറഞ്ഞിട്ടുണ്ടോ— ആദൎശപ്രതിഷ്ഠയ്ക്കുവേണ്ടിയുള്ള ശ്രദ്ധാസംയുക്തമായ നമ്മുടെ പ്രഥമോദ്യമങ്ങൾ, നമ്മുടെ സ്ഥാനമാനങ്ങൾക്കൊ, പ്രാബല്യത്തിനുവേണ്ടിയുള്ള അവിഹിതമായ ആസക്തികൊണ്ടു് ബദ്ധമൂലങ്ങളായിത്തീൎന്നിട്ടുണ്ടോ— എന്നും മററുമുള്ള സംഗതിയെപ്പററി ഗാഢവും ഗൌരവയുക്തവുമായി നാം ആലോചിക്കേണ്ടിയിരിക്കുന്നു.........ഈ അതുല്യവ്യാപ്തിക്കുള്ള ആവശ്യങ്ങളെ തേടിക്കൊള്ളുന്നതിനുള്ള നമ്മുടെ ഉദ്യമത്തിൽ നമ്മുടെ ഉത്തമാദൎശത്തിൽനിന്നും നാം ഒരണുവെങ്കിലും വ്യതിചലിക്കുന്നതിന്നിടയായിട്ടുണ്ടോ എന്നറിയണം. അതിലേയ്ക്കു് എത്രയും സൂക്ഷ്മമായ ഒരു പരിശോധന നടത്തുന്നതിനു നിങ്ങൾ അത്യന്തം ആൎജ്ജവമാനസന്മാരായി ഈ സമ്മേളനത്തിൽ സഹകരിക്കുവിൻ. ആദൎശത്തെ ദൃഢമായി അവലംബിക്കുവിൻ! എന്തെന്നാൽ സൎവ്വ സംരംഭങ്ങൾക്കും ആധാരമായ നിഗൂഢമായ ആ കുണ്ഡലിനീശക്തി അതിന്റെ അന്തസ്ഥനിധിയായി സ്ഥിതിചെയ്യുന്നുണ്ടു്. ജാജ്വല്യമാനയായ ആ ശക്തിയുടെ പ്രഭാവത്താൽ നിങ്ങളേയും അന്യരേയും അറിയുവിൻ.”

നമ്മളുടെ മാൎഗ്ഗത്തിൽ സ്വാഭാവികമായി സംഭവിക്കാവുന്ന തടസ്സങ്ങളെ പ്രാരംഭത്തിൽത്തന്നെ പ്രസ്താവിച്ചു് അതിന്നു നിവാരണംചെയ്യുന്ന

തിനുവേണ്ടി ഈ സ്ഥാപനത്തിന്റെ ഉദ്ദേശങ്ങളെപ്പററി അല്പം പറയാം. വിവേകാനന്ദമിഷന്റെ മെമ്മോറാണ്ടത്തിലുള്ള ഉദ്ദേശങ്ങളുടെ കൂട്ടത്തിൽ സർവ്വപ്രധാനമായവ താഴെ പറയുന്ന മൂന്നുമാണ്.

(നം. എ) "സകല ധർമ്മങ്ങളുടേയും സാരതത്വരൂപമായ വേദാന്തതത്വങ്ങളുടെ അഭ്യസനവും അവയെപ്പററിയുള്ള നിദിദ്ധ്യാസനവും"

(നം. ബി) "മനുഷ്യന്റെ ഉള്ളിൽ മറഞ്ഞുകിടക്കുന്ന പൂർണ്ണത്വത്തിന്റെ വികാസമാണ് വിദ്യാഭ്യാസം എന്നതാണ് വിവേകാനന്ദസ്വാമികളുടെ മതം. സകല വിഷയങ്ങളിലും അപ്രകാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനും അതിന്റെ പ്രചാരമുണ്ടാക്കുന്നതിനുംവേണ്ടി വിദ്യാലയങ്ങൾ ഉണ്ടാക്കി സംരക്ഷിക്കുക."

(നം. സി) വിവേകാനന്ദസ്വാമികളുടെ ആദർശങ്ങളേയും ഉപദേശങ്ങളേയും പ്രചരിപ്പിക്കുക."

ഇതിനെപ്പററി അല്പമൊന്നു പര്യാലോചിക്കുന്നത് പ്രയോജനകരമാണെന്നു വിചാരിക്കുന്നു. 'ഹിന്ദുധർമ്മവും ശ്രീരാമകൃഷ്ണമിഷനും' എന്ന സ്വലേഖനത്തിൽ വിവേകാനന്ദസ്വാമികൾ ഇപ്രകാരം എഴുതിയിരിക്കുന്നു. "......സ്ഥൂലദൃഷ്ടിക്കു വളരെ വിഭജിക്കപ്പെട്ടതും, സർവ്വഥാ വിപരീത ആചാരസങ്കലവുമായ സമ്പ്രദായങ്ങളിൽ മറയ്ക്കപ്പെട്ടതും സ്വദേശികളുടെ ഭ്രാന്തിക്കും വിദേശികളുടെ ഘൃണയ്ക്കും ആസ്പദമായതും യുഗയുഗാന്തരവ്യാപിയും ദേശകാലയോഗത്തിൽ ചിന്നിച്ചിതറി കിടക്കുന്നതുമായ ഹിന്ദുധർമ്മമെന്നു പേരുള്ള ധർമ്മത്തിലെ യഥാർത്ഥമായ ഐക്യത എവിടെയാണെന്നതിനെ കാണിക്കുന്നതിനും, കാലവശാൽ നഷ്ടമായിപ്പോയ ഈ സനാതനധർമ്മത്തിന്റെ സാർവ്വലൌകികവും സാർവ്വദേശീയവും ആയ സ്വരൂപത്തെ തന്റെ ജീവിതത്തിലടക്കിക്കൊണ്ട് സനാതനധർമ്മത്തിന്റെ ജീവത്തായ ഉദാഹരണസ്വരൂപമായി ലോകഹിതത്തിനുവേണ്ടി എല്ലാവരുടേയും സമക്ഷം തന്റെ ജീവിതത്തെ പ്രദർശിപ്പിക്കുന്നതിനുമായി ശ്രീരാമകൃഷ്ണഭഗവാൻ അവതരിച്ചു.

"അതുകൊണ്ട് ഈ മഹായുഗത്തിന്റെ പ്രത്യൂഷസ്സിൽ തന്നെ ഭാവങ്ങളുടെ സമന്വയം പ്രചാരപ്പെടുകയും സനാതനശാസ്ത്രത്തിലും ധർമ്മത്തിലും, അന്തർനിഹിതമായിട്ടുള്ളതും എന്നാൽ ഇതുവരെ പ്രച്ഛന്നമായിരുന്നതുമായ ഈ സീമാതീതമായ അനന്തഭാവം പുനരാവിഷ്കൃതമായി ഉച്ചസ്വരത്തിൽ ജനങ്ങളുടെഇടയിൽ ഘോഷിതമാകുകയും ചെയ്തു.

"ഈ നവയുഗധർമ്മം എല്ലാ ലോകത്തിന്റേയും വിശേഷിച്ചു ഭാരതവർഷത്തിന്റേയും മംഗളത്തിനു പ്രധാന കാരണമാകുന്നു. ഈ നവയുഗധർമ്മപ്രവർത്തകനായ ശ്രീരാമകൃഷ്ണഭഗവാൻ പുരാതന യുഗധർമ്മപ്രവർത്തക

ന്മാരുടെ പുനഃസംസ്കൃതമായ പ്രകാശമാകുന്നു എന്നുള്ള വസ്തുതയെ ഹേ മനുഷ്യരെ! നിങ്ങൾ വിശ്വസിച്ചാലും! ധരിച്ചാലും"

നാനാമതവിശ്വാസങ്ങളിൽ നിന്നും സംഭവിച്ച് ലോകത്തിൽ പല ധർമ്മസംപ്രദായക്കാരുടേയും ഇടയിലുണ്ടായിട്ടുള്ള പരസ്പരവിദ്വേഷത്തെ നശിപ്പിക്കുന്നതിനുവേണ്ടിയാണ് ശ്രീരാമകൃഷ്ണദേവൻ വിവിധധർമ്മങ്ങളിലുമുള്ള സാധനകളെ അനുഷ്ഠിച്ച് അവയിലെല്ലാം സിദ്ധിനേടി തൻെറ അപരോക്ഷാനുഭവത്തിൽ നിന്നും "......ഈശ്വരൻ ഒന്ന്; അദ്ദേഹത്തിൻെറ നാമങ്ങൾ അനന്തം, ഭാവവും അനന്തം......എത്ര മതങ്ങളുണ്ടോ, അത്രയും പഥങ്ങളും ഉണ്ട്" എന്ന തത്വത്തെ ലോകസമക്ഷം വെളിപ്പെടുത്തിയിരിക്കുന്നത് എന്ന് നിങ്ങൾക്കെല്ലാവർക്കും അറിവുണ്ടല്ലോ. "ഏകം സത് വിപ്രാ ബഹുധാവദന്തി" എന്നു വേദത്തിലും കാണുന്നു. ഇതുതന്നെയാണ് വേദാന്തത്തിൻെറയും മൂലതത്വം. ശ്രീരാമകൃഷ്ണദേവൻെറ ജീവിതപ്രകാശത്തിൽ വേദാന്തത്തിൻെറ അദ്വൈതതത്വം ഗ്രഹിച്ചുകഴിഞ്ഞാൽ പിന്നീട് മറെറാരു ധർമ്മവുമായി ആക്കും വിരോധമുണ്ടാകുവാനിടയില്ല. എന്നു മാത്രമല്ല ഈ ജ്ഞാനപ്രദീപത്തിൻെറ സഹായത്തോടെ സ്വജീവിതത്തെ നോക്കുന്നതിനു ഓരോരുത്തരും പഠിച്ചാൽ വ്യക്തിയുടെ ജീവിതവും പാടെ മാറി വ്യക്തി തൻെറ അസ്തിത്വം ഏകനും നിത്യശുദ്ധനും നിത്യപൂർണ്ണനും പരിണാമവിഹീനനും അവിനശ്വരനും ആയ പരമാത്മാവിൽ നിന്നും അഭിന്നമെന്നു കണ്ടുപിടിക്കുന്നു. ഉപനിഷത്തിൽ പറയുന്നു.

"അഗ്നിര്യഥൈകോഭുവനം പ്രവിഷ്ടോരൂപം രൂപം പ്രതിരൂപോബഭൂവ
ഏകസ്തഥാസർവ്വഭൂതാന്തരാത്മാരൂപം രൂപം പ്രതിരൂപോ ബഹിശ്ച"

'ഒരേ അഗ്നി ലോകത്തിൽ പ്രവേശിച്ചു ദഹിപ്പിക്കുന്ന വസ്തുക്കളുടെ രൂപമനുസരിച്ചുള്ള രൂപങ്ങളായിത്തീരുന്നത് എതുപ്രകാരമൊ അതുപോലെ ഏകനായി സർവ്വഭൂതങ്ങളിലും അന്തര്യാമിയായിരിക്കുന്ന പരമാത്മാവ് വസ്തുഭേദമനുസരിച്ച് അതാതിൻെറ രൂപത്തെ കൈക്കൊണ്ട് ഉള്ളിലെന്നപോലെ വെളിയിലും വിളങ്ങുന്നു.'

ഇതേ മന്ത്രവാക്യത്തിൻെറ പ്രതിധ്വനിയായി ശ്രീമദ്വിവേകാനന്ദസ്വാമികൾ പറയുന്നു. "......നമ്മൾ ബദ്ധന്മാരല്ല, നിത്യമുക്തന്മാരാണ്; എന്നു മാത്രമല്ല നമ്മൾ ബദ്ധന്മാരെന്നു പറയുന്നതും വിചാരിക്കുന്നതും തന്നെ അനിഷ്ടകരമാണ്: അത് വെറും ഭ്രമം; അതു തന്നത്താനെ മോഹത്തിൽ മുഴുകുകയാണ്.

"......ഭാസ്വത്തായ ജ്ഞാനദീപ്തിയിൽ ഒരു ഞൊടിക്കകം സകല അശുഭങ്ങളും നീങ്ങിപ്പോകും. ഓരോരുത്തരുടേയും യഥാർത്ഥസ്വരൂപത്തെ പ്രകാശിപ്പിക്കുവിൻ. ഓരോ വ്യക്തിയിലും ആത്മസ്വരൂപത്തെ വെളിപ്പെടുത്തുവിൻ."

ഏതൊരു ജ്ഞാനമാണൊ, ഏതൊരു വിദ്യാഭ്യാസമാണൊ, മനുഷ്യന്റെ യഥാൎത്ഥമായ ഈ ശുദ്ധസ്വരൂപത്തെ—ഉള്ളിൽ ലയിച്ചുകിടക്കുന്ന ശക്തിയെ, പ്രകാശിപ്പിക്കുന്നതു് അതുതന്നെയാണ് യഥാൎത്ഥവിദ്യ എന്നു ശ്രീസ്വാമികൾ സമ്പൂൎണ്ണമായി വിശ്വസിച്ചിരുന്നു. അതുകൊണ്ടുതന്നെയാണ് ഈ നവയുഗത്തിന്റെ പുലർകാലത്തിൽ 'മനുഷ്യാന്തർലീനമായ പൂൎണ്ണതയുടെ വികാസംതന്നെ വിദ്യാഭ്യാസം' എന്നു വിദ്യാഭ്യാസത്തെ വിവരിക്കുവാൻ ഇടയായതു്. ഈ വിധമുള്ള വിദ്യയെ പ്രദാനംചെയ്യുന്നതിനുള്ള ഭാരമേറിയ ചുമതല—സുഹൃത്തുക്കളെ—നിങ്ങൾകയ്യേററിരിക്കുന്നു. കൂടാതെയും, വിവേകാനന്ദസ്വാമികൾ ഭാരതത്തിലേയും ഇതരദേശങ്ങളിലേയും നാനാവിഷയങ്ങളെപ്പററി ഏതെല്ലാം പുതിയ പുതിയ ആശയങ്ങളും ആദൎശങ്ങളുമാണൊ പ്രദാനംചെയ്തിരിക്കുന്നതു് അവയെ പ്രചരിപ്പിക്കുന്ന ഭാരവും നിങ്ങൾതന്നെയാണ് കയ്യേററിരിക്കുന്നതു്. ഏതുപ്രകാരമാണ് അതു സഫലമാക്കുന്നതു് എന്നു തീൎച്ചയാക്കുന്നതിനായിട്ടാണല്ലൊ നിങ്ങൾ ഇന്നിവിടെ കൂടിയിരിക്കുന്നതു്.

യാതൊരാളുടെ കൃത്യം നിൎവ്വഹിക്കുന്നതിനായി അദ്ദേഹത്തിന്റെ നാമവും ഗ്രഹിച്ചുകൊണ്ടു് നാം ഇവിടെ സമ്മേളനംചെയ്തിരിക്കുന്നുവൊ ആ ആൾ തന്നെ നിങ്ങൾക്കു് ബുദ്ധിയും ശക്തിയും നൾകട്ടെ!

---

"മതം, ശാസ്ത്രം എന്നീ വിഷയങ്ങളിലൊ, ഒരുവനിഷ്ടമായ മറേറതെങ്കിലും വിധത്തിലുള്ള ജ്ഞാനചൎച്ചയിലൊ വേണ്ടതായ വിചാരസ്വാതന്ത്ര്യവും പ്രവൃത്തിസ്വാതന്ത്ര്യവും പ്രാചീനഭാരതത്തിൽ നിയമംമൂലം ഒരിക്കലും തടഞ്ഞു നിൎത്തപ്പെട്ടിരുന്നില്ല"—ശാരദാനന്ദസ്വാമികൾ.

## രാമകൃഷ്ണഗീതം.

("അച്യുതനെ ആയർകുല" എന്ന മട്ടു്)

പല്ലവി—ദേവ ദേവ നീയൊഴിഞ്ഞിന്നിക്കൊരാശ്രയവുമില്ലെ
കൈതൊഴുന്നേൻ കൈതൊഴുന്നേൻ പരമകൃപവാരിധെ.

൧. നിൻ മഹിമകൾ എല്ലാമെചൊല്ലീടുവാൻ ശക്തിയില്ലെ
ഭക്തിമാത്രം അൎത്ഥിക്കുന്നേൻ ഭക്തവത്സലഭഗവൻ. (ദേവ)

൨. എത്ര എത്രനാളുകൾ ഞാൻ വ്യൎത്ഥമാക്കികഴിച്ചല്ലൊ
ഇനിമേലിൽ പാദസേവചെയ്തീടുവാൻ കൃപചെയ്ക. (ദേവ)

൩. ഇഷ്ടാനിഷ്ടങ്ങളാലും മമ മനം ചലിക്കൊല്ലെ
നിന്നിൽമാത്രം രമിക്കേണം രാമകൃഷ്ണഗുരോ ദേവാ. (ദേവ)

൪. കാമക്രോധലോഭമോഹം മദമാത്സര്യങ്ങളെല്ലാം
നഷ്ടമാക്കിഇഷ്ടദേവൻതന്നിൽചെന്നു ലയിക്കുവാൻ. (ദേവ)
൫. ഞാനെന്നുരഭിമാനം സംത്യജിച്ചുനടക്കുവാൻ
അനുഗ്രഹം നൾകീടണം അനുപമഗുണശീലാ. (ദേവ)
൬. കർമ്മവീരൻ നിർമ്മലാനന്ദാചാര്യനാം ഗുരുദേവൻ
എന്നിലുള്ള ദുർമ്മോഹങ്ങൾസർവ്വം നഷ്ടമാക്കീടുവാൻ. (ദേവ)

# ശിവാനന്ദസ്വാമികളുടെ എഴുത്ത്.

ബേലൂർ, ൧—൬—൧൯൧൧.

പരമകല്യാണയുക്ത ശ്രീമാൻ—

യഥാക്രമം നിങ്ങളുടെ എഴുത്തുകൾ രണ്ടും കിട്ടി. നിങ്ങൾ ദക്ഷിണേശ്വരത്തുവന്നു എന്നും അവിടെ ഒരു രാത്രി കഴിച്ചുവെന്നും കേട്ട് എനിക്ക് വളരെ ആനന്ദമായി. ഭൂതലത്തിൽ അതുപോലെ മററ് ഒരു സ്ഥാനമില്ല.

ആദ്യത്തെ എഴുത്തിൽ ജീവിതത്തിലെ അവസ്ഥകൾ മുഴുവൻ എഴുതിയിട്ടുണ്ടായിരുന്നത് ആദ്യവസാനം ഞാൻ വായിച്ചുനോക്കി. വാസ്തവത്തിൽ, ഈർഷ്യയും ദ്വേഷവും ആരോടും ഉണ്ടായിരിക്കുന്നത് ശരിയല്ല; ഇങ്ങിനെ ആരോടെങ്കിലും ഉണ്ടായാൽ അതു തൻെറ ദോഷമായിത്തന്നെ അറിയുന്നതാണ് ഉചിതം. അവരുമായുള്ള സംസർഗ്ഗവും കഴിയുന്നതും ചുരുക്കുന്നതാണ് നല്ലത്. ഇതു കൂടാതെ ശാന്തി ലഭിക്കയില്ല. വളരെ കാലമായി ഇടവിടാതെ യാത്രചെയ്തു ക്ഷീണമായെങ്കിൽ ഒരു സ്ഥലത്ത് വാസം ഉറപ്പിച്ചുതരുന്നതിനു ഭഗവാനോടു പ്രാർത്ഥിക്കുക. ഭഗവാൻ നിശ്ചയമായും അതു സാധിച്ചുതരും. എന്നെ കാണാൻ വന്നില്ലെങ്കിൽ അതിൽ എനിക്ക് അല്പവും ദുഃഖമില്ല. നീ എവിടെയിരുന്നാലും ഭഗവാൻെറ ചരണപത്മത്തിൽ പൂർണ്ണ ഭക്തിയോടും വിശ്വാസത്തോടുംകൂടി ശാന്തിയിൽ വസിക്കട്ടേ എന്നു മാത്രമാണ് എൻെറ ഹാർദ്ദമായ പ്രാർത്ഥനാ.

സർവ്വദാ ഭഗവാൻെറ സ്മരണവും മനനവും ചെയ്യണം; പ്രാർത്ഥനാശീലനായിരിക്കണം. എങ്കിൽ മംഗളമല്ലാതെ നിങ്ങൾക്കു അമംഗളം ഒരിക്കലും സംഭവിക്കയില്ല. സംസ്കാരമനുസരിച്ചാണ് സകല ജീവികളും ചേഷ്ടിക്കുന്നത്; ആ സ്ഥിതിക്ക് സത്തും അസത്തും തിരിച്ചറിവുള്ളവൻ തന്നെയാണ് ഭാഗ്യവാൻ. അവൻ സത്തിനെ ഗ്രഹിക്കുന്നതിനും അസത്തിനെ ത്യജിക്കുന്നതിനും ശ്രമിക്കുന്നു. ഈ ശ്രമവും ഭഗവച്ചരണങ്ങളിലുള്ള പ്രാർത്ഥനയുംകൊണ്ടു് ഉദ്യമം സഫലമാകുന്നു; അസത്തായ സംസ്കാരങ്ങളുടെ ബലം ക്ഷയിച്ച് സൽസംസ്കാരങ്ങളുടെ ശക്തി വർദ്ധിക്കുന്നു. വെറും പ്രാർത്ഥനമാത്രം—പ്രാർത്ഥന—പ്രാർത്ഥന—ഇതല്ലാതെ മററൊന്നുമില്ല.

പ്രാർത്ഥനതന്നെയാണ് ബലം! പ്രാർത്ഥനതന്നെയാണ് ബുദ്ധി! ഭഗവൽച്ചരണപത്മങ്ങളിലുള്ള പ്രാർത്ഥന ഒന്നുകൊണ്ടുമാത്രമെ സൽബുദ്ധിയുണ്ടാകയുള്ളു. സൽബുദ്ധിയോടുകൂടി നിർവ്വഹിക്കുന്ന കാര്യങ്ങളെല്ലാം മംഗളമായി തീരുകയും ചെയ്യുന്നു.

ബേലൂർ മഠം,

൨൨—൬—൧൯൧൫.

പ്രിയ—

നിങ്ങളുടെ രണ്ടെഴുത്തുകൾ കിട്ടി. നിങ്ങൾ എന്റെ എഴുത്തു വായിച്ച് ആനന്ദം പ്രാപിക്കുന്നുവെന്നുള്ളത് ശ്രീ ഗുരുദേവന് നിങ്ങളുടെ മേലുള്ള കൃപയാണ്; എന്തെന്നാൽ അദ്ദേഹം സകല ഹൃദയങ്ങളിലും ഗുരുരൂപിയായി സ്ഥിതിചെയ്യുന്നു. ജീവികളുടെ ഹൃദ്ദേശത്തിൽ ഗുരുരൂപിയായിരുന്ന് സദാചാരങ്ങൾകേട്ടു ധരിക്കാനുള്ള ശക്തിയും അദ്ദേഹംതന്നെയാണ് നൽകുന്നത്; വേറെ ആക്കും അതു നൽകുവാൻ കഴിവില്ല. ഉപദേശവും മററും പലരെ മഹാത്മാക്കൾക്കു ദാനംചെയ്യാൻ കഴിയും; പുസ്തകം വായിച്ചാലും അറിയാം; എന്നാലും ധാരണാ (ധാരവാഹിയായ സ്മരണ) ശക്തി ബുദ്ധിയിൽ കൂടി അദ്ദേഹം പ്രദാനംചെയ്യാതെ ഉണ്ടാകയില്ല—സ്ഥായിയായി ഉണ്ടാകയില്ലെന്നു സാരം—ധാരണയില്ലെങ്കിൽ ജീവിതത്തിൽ മുന്നോട്ടു ഗമനവുമുണ്ടാകയില്ല.

ഇപ്പോൾ നീ ഒരു സ്ഥാനത്ത് ഉറച്ചിരുന്ന് ധ്യാനചിന്തകൾചെയ്യാൻ ഇഛിക്കുന്നു; അതു സാധിക്കും. ഇത്രനാളും ഇഛിച്ചില്ല, അതുകൊണ്ടു സാധിച്ചുമില്ല. ഇനിയും ഭഗവാനോടു പ്രാർത്ഥിക്ക, അതു സാധിക്കും. നീ ഭഗവാനെ ഏതു ഭാവത്തിൽ വിചാരിക്കുന്നുവോ ഭഗവാൻ അതുതന്നെ. മഹാഭാവമയിയായ ശ്രീ രാധാദേവിയും, മഹായോഗിയായ മഹേശ്വരനും ശ്രീ ചൈതന്യനമെല്ലാം അദ്ദേഹംതന്നെ. ഇന്നുവരെ ലോകത്തിൽ ഈശ്വരന്റെ എത്ര ഭാവങ്ങൾ വെളിപ്പെട്ടിട്ടുണ്ടോ അവ സകലത്തിന്റെ സമഷ്ടി ഇപ്പോൾ ശ്രീരാമകൃഷ്ണൻതന്നെയാണ് എന്നതു് നിശ്ചയം.

വേറെ അധികം എന്തിനെഴുതുന്നു; നിങ്ങൾ നന്നാ ഉയൎന്ന സ്ഥിതിയിൽ എത്തട്ടെ; ഭഗവൽപാദപത്മങ്ങളിൽ നിങ്ങൾക്കു നീക്കമില്ലാത്ത ഭക്തിയുണ്ടാകട്ടെ; ലൌകികകൃത്യങ്ങൾ ഏതെങ്കിലുമുള്ളതു പാലിച്ചുകൊണ്ടിരിക്കുക.

എന്ന്,

ശുഭാകാംക്ഷി,

ശിവാനന്ദൻ.

---

# ക്രിസ്തീയ ഭക്തചരിതങ്ങൾ.

## II

### സെയിൻറ് ഫ്രാൻസിസ്സിന്റെ മാതൃകാജീവിതം

(അഥവാ)

### ബെർനാർഡിന്റെ ഉദ്ധാരണം.

ഈശ്വരനെ യഥാർത്ഥമായി മനസ്സിലാക്കേണമെന്നാഗ്രഹിക്കുന്നവർ ഇലോം ദുർലഭം. ആ ആഗ്രഹം ഈശ്വരാനുഗ്രഹേണ വന്നാൽ, എവ്വിധം അതിനെ സാധിപ്പിക്കേണമെന്നറിയുന്നതു് കുറേക്കൂടി പ്രയാസം. പക്ഷെ, ഈശ്വരനെ കാണണമെന്നാഗ്രഹംവരുമ്പോൾ ഈശ്വരൻതന്നെ മാർഗ്ഗദർശിയായി ഗുരുവിനെ അയയ്ക്കുന്നു.

ബെർനാഡിന്നു് ഈശ്വരനെ കാണണമെന്നു് തീവ്രമായ ആഗ്രഹം ജനിച്ചിരുന്നു. ബെർനാർഡ് അസീസ്സിയിലെ ഒരു പ്രശസ്തകുടുംബത്തിലെ ഒരു യുവാവു്. എന്നാൽ സാധാരണ ധനികന്മാർക്കുള്ളതുപോലെയുള്ള മമതയില്ലാത്ത മനുഷ്യൻ. അദ്ദേഹം പല പാതിരികളേയും കണ്ടിട്ടുണ്ടെങ്കിലും അവരുടെ ജീവിതരീതി ഇഷ്ടപ്പെട്ടില്ല. ആ കാരണത്താൽ അദ്ദേഹം ഒരു ശരിയായ ഗുരുവിനെ കിട്ടുന്നതിന്നു് അത്യന്തം ചിന്താകുലനായി. ക്രിസ്തുദേവൻ പറഞ്ഞതുപോലെ ജീവിക്കുന്ന ഒരാളെ കണ്ടാൽ അയാളുടെ ശിഷ്യനായി തന്റെ ജീവിതത്തെ ഈശ്വരനുവേണ്ടി സമർപ്പിക്കേണമെന്നായിരുന്നു ബെർനാർഡിന്റെ ആഗ്രഹം.

ശിഷ്യന്റെ മനസ്സ് പക്വമാകുമ്പോൾ ഗുരു ശിഷ്യന്റെ അടുക്കൽ വരുമെന്നു സുപ്രസിദ്ധമാണല്ലോ. അതുമാത്രമല്ല, ശിഷ്യന്റെ മനസ്സ് ഗുരുവിനെ, താനെതന്നെ കൂടുതൽ ബഹുമാനിക്കയും മനസ്സിലാക്കുവാൻ ശ്രമിക്കയും ചെയ്യുന്നു. ബെർനാർഡ് ഗുരുലാഭത്തിൽ അത്യാകാംക്ഷയോടുകൂടി വസിക്കുന്ന കാലത്തൊരിക്കൽ ക്രിസ്തുചൈതന്യനായ സെയിൻറ് ഫ്രാൻസിസ്സ്, അസീസിയിൽ മതപ്രസംഗങ്ങൾ നടത്തുവാൻ വന്നുചേന്നു. യേശുഭഗവാനെപ്പോലെ ഈശ്വരാനുഭൂതിയോടുകൂടിയവനും, അദ്ദേഹത്തെപ്പോലെ ഈശ്വരേച്ഛയെ സകലത്തിനും മുൻ നിറുത്തി കർമ്മംചെയ്യുന്നവനമായിരുന്നു സെയിൻറ് ഫ്രാൻസിസ്സ്. യേശുദേവനെപ്പോലെതന്നെ ജീവിതംനയിച്ച അദ്ദേഹം തന്മയനായി യേശുതന്നെ ആയിത്തീന്നിരുന്നു. അദ്ദേഹത്തിന്റെ ജീവിതമഹിമ മനസ്സിലാകാത്ത പലരും അദ്ദേഹത്തെ നിന്ദിക്കുകയും ഉപദ്രവിക്കയും ചെയ്തുവെങ്കിലും സെയിൻറ് ഫ്രാൻസിസ്സ് അവയെപ്പറ്റി അറിഞ്ഞതെയില്ല എന്നു് ബെർനാർഡ് കണ്ടപ്പോൾ

അദ്ദേഹം ഇപ്രകാരം വിചാരിച്ചു. "തീർച്ചയായും, ഇദ്ദേഹം ഈശ്വരാനുഭൂതിയുള്ള ഒരാളുതന്നെ. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്നു് ലോകബഹുമാനങ്ങൾക്കു് യാതൊരു വാഞ്ഛയുമില്ല. എന്നാലും പൂർണ്ണമായി, ഇദ്ദേഹം ഈശ്വരാനുഭൂതിയുള്ളവനാണൊ എന്നു് പരീക്ഷിക്കുവാൻവേണ്ടി ഞാൻ ഇദ്ദേഹത്തെ എൻെറ വസതിയിലേയ്ക്കു് ക്ഷണിക്കാം".

സെയിൻറ് ഫ്രാൻസിസ്സ്, ബെർനാർഡിൻെറ വസതിയിൽ ചെന്നു് അത്താഴം കഴിക്കയും ചെയ്തു. പിന്നീടു് ബെർനാർഡ്, ഫ്രാൻസിസ്സിൻെറ നടപടിയെ പൂർണ്ണമായി പരിശോധിച്ചറിയുന്നതിന്നു്, അദ്ദേഹത്തിനു തൻെറ കിടക്കമുറിയിൽതന്നെ ശയനത്തിനുവേണ്ട ഏർപ്പാടെല്ലാം ചെയ്തു.

സെയിൻറ് ഫ്രാൻസിസ്സും ബെർനാർഡും അഗാധനിദ്രയെപ്രാപിച്ചതുപോലെ കിടന്നു. ബെർനാർഡ് തൻെറ അതിഥിയുടെ ആന്തരഭക്തി പരീക്ഷിച്ചറിയുവാനും, ക്രിസ്തുചൈതന്യനായ ഫ്രാൻസിസ്സ് തൻെറ ഭക്തി ആരെയും അറിയിക്കാതിരിക്കുന്നതിന്നും വേണ്ടിയായിരുന്നു, ഇപ്രകാരം ഉറക്കം നടിച്ചു് കിടന്നതു്. ബെർനാർഡ് കൃത്രിമമായി കൂർക്കം വലിക്കുവാൻ തുടങ്ങി. ഇതുകേട്ട ഫ്രാൻസിസ്സ്, ബെർനാർഡ് ഉറങ്ങിയെന്ന സങ്കല്പത്തോടുകൂടി, എഴുന്നേററിരുന്നു് പ്രാർത്ഥിക്കുവാൻ ആരംഭിച്ചു. അന്തർലീനമായ പരാഭക്തിയോടും അഗാധമായ മനോവ്യാകുലതയോടും അദ്ദേഹം ഈശ്വരനെ ഗദ്ഗദസ്വരത്തിൽ "എൻെറ ഭഗവാനെ, ജഗദീശ്വര!" എന്നു വിളിച്ചു. തൻെറ മാറത്തു് തെരുതെരെ അടിച്ചുകൊണ്ടു് ആ ഭക്തശിരോമണി പ്രഭാതംവരെ "എൻെറ ഈശ്വര, എൻെറ ഈശ്വര" എന്നുതന്നെ ഇടവിടാതെ ദൈന്യസ്വരത്തിൽ നിലവിളിച്ചുംകൊണ്ടിരുന്നു.

ഈ ഹൃദയംഗവും വിനീതവുമായ പ്രാർത്ഥന കേട്ടുംകൊണ്ടുതന്നെ, ബെർനാർഡും, രാത്രി മുഴുവനും കഴിച്ചുകൂട്ടി. ഇത്രയും ആർജ്ജവവും ഭക്തിയും തികഞ്ഞ സെയിൻറ് ഫ്രാൻസിസ്സിനോടു് ബെർനാർഡിനു് വളരെ ഭക്തിയും ആദരവും ഉദിച്ചു.

സാധാരണയായിട്ടു് എല്ലാവരും അന്യരെ, വിശേഷിച്ചും യോഗിവര്യന്മാരെ പരീക്ഷിക്കാറുണ്ടു്. ചിലർക്കു്, പരീക്ഷിക്കപ്പെട്ട യോഗിവര്യന്മാർ നല്ലവരാണെന്നു് കാണുമ്പോൾ, അവരോടു് സ്നേഹബഹുമാനവും തോന്നാറുണ്ടു്. എന്നാൽ ഈ വിധം പരീക്ഷിക്കുന്നവരിൽ വളരെ സരളസ്വഭാവമുള്ള ഒന്നോ രണ്ടോ ആളുകൾക്കു മാത്രമെ ഈ ലോകഗുരുക്കന്മാരുടെ പാദപത്മങ്ങളിൽ തങ്ങളുടെ സർവ്വസ്വവും സമർപ്പിക്കുവാൻ കഴിയുകയുള്ളു. ബെർനാർഡ് ഈ ഒടുവിലത്തെതരത്തിൽപ്പെട്ട ഒരാളായിരുന്നു.

അതുകൊണ്ടു് അടുത്ത ദിവസം രാവിലെ സെയിൻറ് ഫ്രാൻസിസ്സിനോടു് അദ്ദേഹം ഇപ്രകാരം അഭ്യർത്ഥിച്ചു. "ഫ്രാൻസിസ് മഹാശയ,

അങ്ങ് എന്നെ അങ്ങയുടെ ശിഷ്യനായി സ്വീകരിക്കണേ! എന്നെ എല്ലായ്പോഴും സകല കാര്യങ്ങളിലും നയിക്കണേ!" പരമകാരുണികനായ സെയിൻറ് ഫ്രാൻസിസ്സ്, ഈശ്വരാഭിമതം അറിയുവാനായി, ബെർനാർഡിനോടുകൂടി അടുത്തുള്ള ഒരു പള്ളിയിലേയ്ക്കു പോയി. അവിടെ ചെന്നു പ്രാർത്ഥിച്ചതിനുശേഷം പാതിരിയോട് ബൈബിളിൽനിന്നും മൂന്നേടെടുത്തു വായിക്കുവാൻ അപേക്ഷിച്ചു.

ആദ്യമായി വന്നത് "നിനക്ക് പൂർണ്ണത്വത്തെ പ്രാപിക്കണമെങ്കിൽ നിൻെറ സർവ്വസ്വവും ദരിദ്രന്മാക്ക് പ്രദാനംചെയ്തിട്ട് എന്നെ അനുഗമിക്കുക" എന്നതാണ്. രണ്ടാമതായി "നീ നിൻെറ പരിവ്രാജകജീവിതത്തിന്ന് പുറപ്പെടുമ്പോൾ വടിയോ, ഭാണ്ഡമോ, ആഹാരമോ, പണമോ, ഒന്നുമെടുക്കരുത്" എന്നുള്ളതും ഒടുവിൽ "എന്നെ അനുഗമിക്കാൻ ഇഷ്ടമുള്ളവൻ, നിരഹങ്കാരനായി കുരിശെടുത്തുംകൊണ്ട് എന്നെ പിന്തുടരട്ടെ" എന്നുള്ളതും വന്നുചേന്നു.

പാതിരി വായന നിറുത്തിയപ്പോൾ സെയിൻറ് ഫ്റാൻസിസ്സ്, ബെർനാർഡിനോട് പറഞ്ഞു. "സഹോദരാ, ഈശ്വരൻെറ മതം കേട്ടുവല്ലോ. അദ്ദേഹത്തിൻെറ അഭിമതത്തെ അനുകരിച്ചാലും".

ഗുരു പറഞ്ഞതിനെ അക്ഷരംപ്രതി അനുസരിക്കുന്നവനല്ലേ ശിഷ്യൻ! ബെർനാർഡ് തൻെറ സർവ്വസ്വവും വിററ്, കിട്ടിയ പണത്തെ ദരിദ്രന്മാക്കും, അവയവഹീനക്കും, വിധവകൾക്കും, ആശ്രമങ്ങൾക്കുമായി ദാനം ചെയ്തു. ഇങ്ങിനെ, അദ്ദേഹം ഗുരുശാസനപ്രകാരം, ക്രിസ്തുദേവനെ അനന്യശരണനായി ശരണംപ്രാപിച്ചു.

ബെർനാർഡ് പിന്നീട് ഒരു നൈഷ്ഠികതാപസനായി ജീവിച്ചു. അദ്ദേഹം അയനശയനങ്ങളെ മിതമാക്കി. അധികസമയം ധ്യാനനിമഗ്നനായി കഴിച്ചു. ധ്യാനത്തിൽ ചിലപ്പോൾ ഈശ്വരനിൽ സ്ഥിതിചെയ്യുമായിരുന്ന ആ സമയങ്ങളിൽ അദ്ദേഹത്തിൻെറ മനസ്സ് വികല്പരഹിതവും, ദേഹം ജഡതുല്യവുമായിത്തീരും. ബാഹ്യബോധം വരുമ്പോൾ സന്തോഷഭരിതനായി അദ്ദേഹം ഈശ്വരനെ സ്തുതിക്കുമായിരുന്നു.

ഇങ്ങിനെ വളരെക്കാലം ജീവിതരഹസ്യത്തെ ആലോചിച്ചുംകൊണ്ട് അദ്ദേഹം വിജനസ്ഥലങ്ങളിൽ കഴിച്ചുകൂട്ടി. അദ്ദേഹത്തിൻെറ മനസ്സ് സുഖങ്ങളിൽനിന്നും വിരമിച്ചിട്ട് ഈശ്വരസാന്നിദ്ധ്യത്തിൽത്തന്നെ സ്ഥിതിചെയ്തു.

ഇങ്ങിനെ തൻെറ മാതൃകാജീവിതത്താൽ സെയിൻറ് ഫ്രാൻസിസ്സ്, ബെർനാർഡിൻെറ മനസ്സിനെ ഈശ്വരാഭിമുഖമാക്കിത്തീർത്തു.